# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തളിപ്പറമ്പ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/45/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 24/05/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തളിപ്പറമ്പ മുനിസിപ്പാലിറ്റി

സർ,

വിഷയം : തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശസ്വയംഭരണവകുപ്പ് (ഉപരിപത്രം സഹിതം),
2.ഡയരക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(എയിംസിൽ),
3.ഡയരക്ടർ,നഗരകാര്യവകുപ്പ് ,തിരുവനന്തപുരം,(ഉപരിപത്രം സഹിതം),
4.റീജിനൽ ജോയന്റ് ഡയരക്ടർ,നഗരകാര്യം ,കോഴിക്കോട് (ഉപരിപത്രം സഹിതം).

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.15/45/22 തീയ്യതി: 24/05/2022

## കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-10-2019 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ വിനോദ്.കെ.കെ | സീനിയർ ഡെപ്യൂട്ടി ഡയരക്ടർ | 13-12-2021 | 01-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-12-2021 | 29-12-2021 |
| 31-12-2021 | 01-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

(1)ശ്രീ. സുരേഷ് ബാബു.കെ.വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

(2)ശ്രീ.ഷഹീൻ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,

(3) ശ്രീ.ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ.

(4) ശ്രീമതി.സബിത.കെ, ഓഡിറ്റർ,

(5) ശ്രീമതി.ധന്യ.എം.വി, ഓഡിറ്റർ,

(6) ശ്രീമതി.അന്ന അബ്രഹാം, ഓഡിറ്റർ.

(7) ശ്രീമതി.ധന്യ.എം., ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഹസീന.കെ.പി | സെക്രട്ടറി | 01-04-2020 | 01-02-2021 |
| ശ്രീ രാമചന്ദ്രൻ.എൻ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-02-2021 | 31-03-2021 |
| ശ്രീ.മഹമ്മൂദ് അള്ളാംകുളം | ചെയർമാൻ | 01-04-2020 | 10-11-2020 |
| ശ്രീമതി.മുർഷിദ കൊങ്ങായി | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ജോർജ്ജ് തോമസ് ചിറയിൽ | മുനിസിപ്പൽ എൻജിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി സ്വപ്ന.കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ: രേഖ.കെ.പി | സൂപ്രണ്ട്,താലൂക്ക് ഹോസ്പിറ്റൽ | 01-04-2020 | 31-03-2021 |
| ഡോ: ഇന്ദു.എൽ | ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 09-02-2021 |
| ഡോ: മേരി സെബാസ്റ്റ്യൻ | ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം | 10-02-2021 | 31-03-2021 |
| ശ്രീമതി ലക്ഷ്മിക്കുട്ടി.പി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 10-11-2020 |
| ശ്രീമതി കെ.പങ്കജാക്ഷി | ഐ സി ഡി എസ് സൂപ്പർവൈസർ | 11-11-2020 | 31-03-2021 |
| ശ്രീ ലക്ഷ്മണൻ.കെ.പി | പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ & സി ഡി എസ് മെമ്പർ സെക്രട്ടറി | 01-04-2020 | 06-07-2020 |
| ശ്രീ വേണുഗോപാലൻ.യു | പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ & സി ഡി എസ് മെമ്പർ സെക്രട്ടറി | 07-07-2020 | 21-07-2020 |
| ശ്രീ ഷാജി.വി.വി | പ്രോജക്ട് ഓഫീസർ,നഗരദാരിദ്ര്യനിർമ്മാർജ്ജനസെൽ & സി ഡി എസ് മെമ്പർ സെക്രട്ടറി | 22-07-2020 | 31-03-2021 |
| ഡോ: സന്തോഷ് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 01-06-2020 |

| | | | |
|---|---|---|---|
| കുമാർ.കെ.വി | | | |
| ഡോ: സോയ.ഇ | വെറ്ററിനറി സർജ്ജൻ-ഇൻ ചാർജ് | 02-06-2020 | 28-06-2020 |
| ഡോ: സരിക.പി | വെറ്ററിനറി സർജ്ജൻ | 29-06-2020 | 31-03-2021 |
| ശ്രീ ദിനേശൻ.പി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ ബൈജു.പി.പി | ഹെൽത്ത് ഇൻസ്പെക്ടർ | 01-04-2020 | 31-07-2020 |
| ശ്രീ സൂരജ്.എം.വി | ഹെൽത്ത് ഇൻസ്പെക്ടർ | 01-08-2020 | 11-11-2020 |
| ശ്രീ കൃഷ്ണൻ.പി.പി | ഹെൽത്ത് ഇൻസ്പെക്ടർ | 12-11-2020 | 14-02-2021 |
| ശ്രീ സുരേഷ് കുമാർ | ഹെൽത്ത് ഇൻസ്പെക്ടർ | 15-02-2021 | 31-03-2021 |
| ശ്രീ രാജേഷ്.ടി.ആർ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ശ്രീ രാമചന്ദ്രൻ.എൻ.പി | സൂപ്രണ്ട്,ജനറൽ | 01-04-2020 | 31-03-2021 |
| ശ്രീ അൻവർ ഹുസൈൻ.കെ.എസ് | സൂപ്രണ്ട്,റവന്യൂ | 01-04-2020 | 02-02-2021 |
| ശ്രീ മധു.ടി | സൂപ്രണ്ട്,റവന്യൂ | 03-02-2021 | 31-03-2021 |

ഭരണ നിർവ്വഹണ കമ്മിറ്റിയുടെ കാലയളവും അംഗങ്ങളും: കാലയളവ് - 11.11.2020 മുതൽ 27.12.2020 വരെ അംഗങ്ങൾ - 1.ശ്രീമതി.ഹസീന.കെ.പി, സെക്രട്ടറി 2.ശ്രീ.ജോർജ്ജ് തോമസ് ചിറയിൽ, മുനിസിപ്പൽ എഞ്ചിനീയർ. 3.ശ്രീമതി.നിർമ്മല.കെ,സി.ഡി.പി.ഒ.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ganesan Keloth (Asst. Audit Officer, On 03-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ganesan Keloth (Asst. Audit Officer, On 01-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - ചെലവ് വിവരങ്ങൾ നഗരസഭയിലെ വിവിധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല<br>Written By: Ganesan Keloth (Asst. Audit Officer, On 03-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-5 |
| 7 | വിനിയോഗത്തിലെ കുറവ്-നഗരസഭക്ക് 7.61കോടി രൂപയുടെ നഷ്ടം.<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-5-1 |
| 8 | മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-5-2 |
| 9 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: Dhanya M (Auditor, On 03-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Sabitha.K (Auditor, On 09-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-7 |
| 11 | അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷ പെൻഷൻ തിരിച്ചടച്ചില്ല<br>Written By: Sabitha.K (Auditor, On 01-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Suresh Babu KV (Audit Officer, On 09-01-2022) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-10 |
| 15 | തൊഴിൽ നികുതി അപാകങ്ങൾ<br>Written By: Dhanya.M.V (Auditor, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-11 |
| 16 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.<br>Written By: Dhanya.M.V (Auditor, On 02-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 24-05-2022) | 1-12 |
| 17 | ലൈസൻസ് വരവ് -അപാകതകൾ<br>Written By: Sabitha.K (Auditor, On 01-01-2022) | 1-13 |

| | | |
|---|---|---|
| | Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | |
| 18 | നഗരസഭയുടെ പരിധിയിലുളള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല<br>Written By: Sabitha.K (Auditor, On 01-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-13-1 |
| 19 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല<br>Written By: Sabitha.K (Auditor, On 01-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-13-2 |
| 20 | ഇ -ടെണ്ടർ-ടെണ്ടർ ഫാറം വില മുനിസിപ്പൽ എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും നഗരസഭ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-14 |
| 21 | മുനിസിപ്പാലിറ്റിയുടെ തനതു വരുമാന വർദ്ധനവിന് ജിയോ മാപ്പിംഗ് ആപ്ലിക്കേഷന്റെ സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്.<br>Written By: Anu Abraham (Auditor, On 03-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-15 |
| 22 | വീട്ട് വാടക ബത്ത ക്ലെയിം ചെയ്ത കാലയളവിൽ നഗരസഭസെക്രട്ടറിക്ക് ക്വാട്ടേഴ്സ് വാടക അനുവദിച്ചത് ക്രമപ്രകാരമല്ല 14780 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: Suresh Babu KV (Audit Officer, On 10-01-2022) | 1-16 |
| 23 | തെറ്റായ ഗ്രേഡ് നിർണയം-ഡി.സി.ആർ.ജിയിൽ നിന്ന് തിരിച്ച് പിടിച്ച തുക കണക്കാക്കിയതിലെ അപാകങ്ങൾ കാരണം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 14-01-2022) | 1-17 |
| 24 | അവധി ശമ്പളം അനുവദിച്ചത് ക്രമപ്രകാരമല്ല.അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: Shaheen.P (Asst. Audit Officer, On 14-01-2022) | 1-18 |
| 25 | പൊതു ടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിലെ അപാകതകൾ<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-19 |
| 26 | ലൈബ്രറി സെസ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ഒടുക്കേണ്ടതാണ്.<br>Written By: Ganesan Keloth (Asst. Audit Officer, On 02-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-20 |
| 27 | ഐ.ബി.പി.എം.എസ്. പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കിയിട്ടില്ല<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-21 |
| 28 | ജി.ഐ.എസ് മാപ്പിംഗ് അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-22 |
| 29 | ഓഫീസ് സ്റ്റേഷനറി വാങ്ങൽ- നടപടിക്രമങ്ങളിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-23 |
| 30 | ഔദ്യോഗിക ആവശ്യത്തിനല്ലാതെ നഗരസഭ സെക്രട്ടറി വാഹനം ഉപയോഗിച്ചത്-സംബന്ധിച്ച്<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-24 |
| 31 | കാട്ടിയിട റോഡ് വശങ്ങളിൽ കോൺക്രീറ്റ്-ടെണ്ടർ വ്യതിയാനം,ജി എസ് ടി | 1-25 |

| | | |
|---|---|---|
| | -ടി ഡി എസ് എന്നിവ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല-64205 രൂപ കരാറുകാരന് അധികം നൽകി<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | |
| 32 | പബ്ലിക് ടോയ്ലറ്റ് നിർമ്മാണം.-കരാർ നൽകിയ സ്ഥാപനത്തിന് 18779 രൂപ അധികം നൽകി.<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-26 |
| 33 | കുബ്ലോർ റോഡ് റീ ടാറിംഗ്-കരാറുകാരന് 6017/- രൂപ അധികം നൽകി.<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-27 |
| 34 | റോഡ് നിർമ്മാണപ്രവൃത്തികൾക്ക് വേണ്ടി നഗരസഭഫണ്ട് ചെലവഴിച്ച് വാങ്ങിയ ബിറ്റുമിൻ വില ബില്ലിൽ നിന്നും കുറവ് ചെയ്ത് നഗരസഭഫണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-28 |
| 35 | ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയത് - കരാറുകാരൻ ജിഎസ്.ടി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-29 |
| 36 | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ-ഫിസിയോ തെറാപ്പിസ്റ്റിന് അധിക വേതനം നൽകി.₹44000 തടസ്സപ്പെടുത്തുന്നു<br>Written By: Anu Abraham (Auditor, On 03-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-30 |
| 37 | കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്<br>Written By: Dhanya M (Auditor, On 02-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-31 |
| 38 | ചിങ്കാരി മേളം വനിതാഗ്രൂപ്പ് പ്രോജക്ട്-പരിശീലനത്തിന്റെ രേഖകൾ ഹാജരാക്കിയില്ല- 40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 02-01-2022)<br>Last Updated By: Harish Kumar M.V (Computer Assistant, On 19-05-2022) | 1-32 |
| 39 | ചിങ്കാരി മേളം പ്രോജക്ട് - രേഖകൾ ലഭ്യമാക്കിയില്ല- ₹228550യുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Dhanya M (Auditor, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-33 |
| 40 | വനിതാ ഗ്രൂപ്പ് - മീനും കൂടും - അധിക സബ്സിഡി അനുവദനീയമല്ല -₹ 52227 യുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Dhanya M (Auditor, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-34 |
| 41 | കുടുംബശ്രീ വനിതാ തുണിസഞ്ചി നിർമ്മാണ യൂണിറ്റ്- പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്.<br>Written By: Dhanya M (Auditor, On 03-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-35 |
| 42 | ഹരിത വാടക ഗ്രൂപ്പ് -പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ<br>Written By: Dhanya M (Auditor, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-36 |
| 43 | പി.എം.എ.വൈ പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ<br>Written By: Dhanya M (Auditor, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-37 |
| 44 | ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല | 1-37-1 |

| | | |
|---|---|---|
| | Written By: Dhanya M (Auditor, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | |
| 45 | ടാഗോർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പരീക്ഷാ പരിശീലനത്തിന് ലഘുഭക്ഷണം അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-38 |
| 46 | സ്കൂളുകൾക്കും ഗ്രന്ഥശാലകൾക്കും പത്രങ്ങളും മാസികകളും നൽകൽ അപാകങ്ങൾ ₹57000 ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-39 |
| 47 | വായനശാല ക്ലബ്ബുകളിലും സ്കൂളുകളിലും ദിനപത്രം തൊഴിൽ വാർത്ത വിതരണം അപാകങ്ങൾ ₹60,000 തടസ്സപ്പെടുത്തുന്നു<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-40 |
| 48 | ഹെഡ് മാസ്റ്റർ ജി എം യു പി എസ് തളിപ്പറമ്പ് രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-41 |
| 49 | ക്യാമറ സ്ഥാപിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Sabitha.K (Auditor, On 01-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-42 |
| 50 | രേഖകൾ ഹാജരാക്കിയില്ല - 367685/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Sabitha.K (Auditor, On 01-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-43 |
| 51 | അംഗൻവാടി പൂരക പോഷകഹാരം പദ്ധതി- ബില്ലിലെ ന്യൂട്രിമിക്സ് അളവും സ്റ്റോക്കിലെടുത്ത ന്യൂട്രിമിക്സ് അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Dhanya.M.V (Auditor, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-44 |
| 52 | തളിപ്പറമ്പ നഗരസഭയിലെ സ്ഥിരനിക്ഷേപങ്ങളുടെ ഇടപാടുകൾ, രേഖപ്പെടുത്തലുകൾ,അക്കൗണ്ടിംഗ് എന്നിവയിലുണ്ടായ വീഴ്ചകൾ.<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-45 |
| 53 | പെൻഷൻ ഫണ്ട്<br>Written By: Shaheen.P (Asst. Audit Officer, On 02-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-46 |
| 54 | തനത് ഫണ്ട് സൂക്ഷിപ്പിനായി ഒന്നിലധികം അക്കൗണ്ടുകൾ<br>Written By: Ganesan Keloth (Asst. Audit Officer, On 03-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 1-47 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കാട്ടിയിട റോഡ് വശങ്ങളിൽ കോൺക്രീറ്റ്-ടെണ്ടർ വ്യതിയാനം,ജി എസ് ടി -ടി ഡി എസ് എന്നിവ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല-64205 രൂപ കരാറുകാരന് അധികം നൽകി<br>Written By: Suresh Babu KV (Audit Officer, On 10-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 3-1 |
| 2 | കുബ്ലോർ റോഡ് റീ ടാറിംഗ്-കരാറുകാരന് 6017/- രൂപ അധികം നൽകി.<br>Written By: Suresh Babu KV (Audit Officer, On 10-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 3-2 |
| 3 | പബ്ലിക് ടോയ് ലറ്റ് നിർമ്മാണം.-കരാർ നൽകിയ സ്ഥാപനത്തിന് 18778/- രൂപ അധികം നൽകി. | 3-3 |

| | | |
|---|---|---|
| | Written By: Suresh Babu KV (Audit Officer, On 10-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | |
| 4 | വീട്ട് വാടക ബത്ത ക്ലെയിം ചെയ്ത കാലയളവിൽ നഗരസഭസെക്രട്ടറിക്ക് ക്വാട്ടേഴ്സ് വാടക അനുവദിച്ചത് ക്രമപ്രകാരമല്ല 14780 രൂപയുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 14-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 3-4 |
| 5 | വനിതാ ഗ്രൂപ്പ് - മീനും കൂട്ടം - അധിക സബ്സിഡി അനുവദനീയമല്ല -₹ 52227 യുടെ ചെലവ് നിരാകരിക്കുന്നു.<br>Written By: Harish Kumar M.V (Computer Assistant, On 19-05-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 3-5 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Suresh Babu KV (Audit Officer, On 09-01-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Suresh Babu KV (Audit Officer, On 09-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Suresh Babu KV (Audit Officer, On 09-01-2022) | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ്<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Suresh Babu KV (Audit Officer, On 09-01-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 10-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Suresh Babu KV (Audit Officer, On 10-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Suresh Babu KV (Audit Officer, On 09-01-2022)<br>Last Updated By: PREETHA.P.V (Computer Assistant, On 24-05-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |

| | |
|---|---|
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

തളിപ്പറമ്പ് നഗരസഭ കൗൺസിലിന്റെ 27-03-2020 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം 2020-21 വാർഷികബജറ്റും 20-02-2021 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം 2020-21 പുതുക്കിയ വാർഷിക ബജറ്റും അംഗീകരിച്ചിട്ടുണ്ട്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 141298189 | 161231917 |
| വരവ് | 531215100 | 416185563 |
| ആകെ | 672513289 | 577417480 |
| ചെലവ് | 547127000 | 306396000 |
| നീക്കിയിരിപ്പ് | 125386289 | 271021480 |

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 29-10-2021 | തിരിച്ചയച്ചിട്ടില്ല |

വാർഷിക ധനകാര്യ പത്രിക സമയബന്ധിതമായി ജൂലൈ 31 നകം ലഭ്യമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയഅപാകതകൾ .

1. ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയത്തെ കുറിച്ചുള്ള കുറിപ്പുകൾ, ട്രയൽ ബാലൻസ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58 കാണുക).

2. ഷെഡ്യൂൾ B9 ൽ 696588 രൂപയുടെ Stale ചെക്കുകൾ കാണിച്ചിട്ടുണ്ട്. ഇവയുടെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 53,54 Period End Reconciliation Procedures നടത്തിയത് സംബന്ധിച്ച ഡെപ്പോസിറ്റുകൾ, അഡ്വാൻസുകൾ, ഫിക്സഡ് അസറ്റുകൾ, സ്റ്റോറുകൾ എന്നിവയുടെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. വസ്തുനികുതി-സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ മാപ്പിംഗ്, പ്യൂരിഫിക്കേഷൻ എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. വാർഷിക കണക്കുകളിൽ ചേർത്തിട്ടുള്ള ആസ്തി മൂല്യം പരിശോധിക്കുന്നതിന് ആസ്തി രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

6. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കപ്പെടാതെ തുടരുന്നുണ്ട്. ബാലൻസ് ഷീറ്റിലെ B4-ഷെഡ്യൂളിൽ കാണുന്ന ബാലൻസ് തുകകൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. B-12 (Investment General)നിക്ഷേപം/സ്ഥിരനിക്ഷേപം സംബന്ധിച്ച രജിസ്റ്റർ അപൂർണ്ണമാണ്.

8. താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടിന്റെ പാസ് ബുക്ക്/ റീകൺസൈൽ സ്റ്റേറ്റ്മെൻറ് പൊരുത്തപ്പെടുന്നില്ല.

| പാസ് ബുക്ക് പ്രകാരമുള്ള തുക എസ് ബി ടി -യു പി എ (57043439842) | റീകൺസൈൽ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|
| 1447800 | 1447802 |

9. Income & Expenditure Statement ൽ സ്ഥിര ആസ്തികളിൻമേൽ തൻവർഷം കണക്കാക്കിയ ഡിപ്രീസിയേഷൻ

സംക്ഷിപ്തം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. വാർഷിക ധനകാര്യ പത്രികയിലെ അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ ഒത്തുനോക്കുന്നതിനായി അഡ്വാൻസ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

11. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി/അതാത് സെക്ഷന്റെ ചുമതലയുള്ള ഓഫീസർമാർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള നഗരപാലിക അക്കൗണ്ട് ചട്ടങ്ങൾ 2007, ചട്ടം54(3)(എച്ച്). ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4. വാടക ടൗൺ ഹാൾ,സ്റ്റേഡിയം,കോൺഫ്രൻസ് ഹാൾ,ഡിമാന്റ് രജിസ്റ്റർ

5. ഭൂമി പാട്ടം ഡിമാന്റ് രജിസ്റ്റർ.

6.വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ

മേൽ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

12. താഴെ ചേർത്തിരിക്കുന്ന ശീർഷകങ്ങൾ പ്രകാരമുള്ള മുൻകൂർ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

| ശീർഷകം | ബാലൻസ്ഷീറ്റ് പ്രകാരം 31/3/21 ലെ നീക്കിയിരിപ്പ് |
|---|---|
| 460100200- Vehicle To Employees | 10500 |
| 460100500- Standing Advance | 110000 |
| 460509909-Advance To Others | 5756 |
| 460100700 Miscellaneous Advance | 309510 |
| 460100800-Marriage Loan | 1500 |

13. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 586563 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ച് മൂല്യം കണക്കാക്കി, സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

14. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തി ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2021 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance Collection Of Revenues-<br>Licence Fees For Dangerous And Offensive Trades | 1817150 |

ദുരിതാശ്വാസ നിധി മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പിനേക്കാൾ കൂടുതൽ ചെലവ് ചെയ്യതായി രേഖപ്പെടുത്തിയിട്ടുണ്ട് (RP-15 കാണുക).
2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ ഓഡിറ്റ് എൻക്വയറി (14/20-21) യുടെ മറുപടി കൂടി പരിഗണിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 37478627 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 350205608 |
| ആകെ | 387684235 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 268286655 |
| നീക്കിയിരിപ്പ് | 119397580 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 131212 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 807902 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 42081400 | 42081400 | 37914540 | 4166860 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2202000 | 2202000 | 1405929 | 796071 |
| മെയിന്റനൻസ്, റോഡ് | 0 | 17678100 | 17678100 | 16325335 | 1352765 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 12224099 | 12224099 | 5976911 | 6247188 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (United Basic Grant) | 0 | 92796125 | 92796125 | 29227839 | 63568286 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Grant) | 0 | 31990000 | 31990000 | 6413865 | 25576135 |
| ദുരിതാശ്വാസനിധി | 45742 | 0 | 45742 | 32182 | 13560 |
| അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1498055 | 5791533 | 7289588 | 4729752 | 2559836 |
| മറ്റ് ഫണ്ടുകൾ | | | | | |
| Grants For Specific Purpose -Central Government | 10753782 | 1875268 | 12629050 | 1207325 | 11421725 |
| Grantsr For | 6907520 | 101899528 | 108807048 | 97014041 | 11793007 |

| | | | | | |
|---|---|---|---|---|---|
| Projects | | | | | |
| Other Grants & Contribution For Specific Purposes | 264081 | 2732 | 266813 | 234981 | 31832 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് - ചെലവ് വിവരങ്ങൾ നഗരസഭയിലെ വിവിധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല

2020-21 വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വിവിധ ഫണ്ടിനങ്ങളിലെ ചെലവ് വിവരങ്ങൾ നഗരസഭയിലെ വിവിധ രേഖകളുമായി പൊരുത്തപ്പെടുന്നില്ല.

| ക്രമനം | ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | വാർഷിക ധനകാര്യപത്രിക ((I-6) | എ സി ആർ പ്രകാരമുള്ള തുക | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | വികസനഫണ്ട് ജനറൽ | 42081400 | 37914540 | 40189788 | 42993388 |
| 2 | വികസനഫണ്ട് (എസ് സി പി) | 1966730 | 1405929 | 1926730 | 1966730 |
| 3 | മെയിന്റനൻസ് ഫണ്ട് (റോഡ്) | 17678100 | 16325335 | 17678100 | 17678100 |
| 4 | മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 7523151 | 5976911 | 7523151 | 7523151 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 434 | 311091237 | 200 | 155155200 | 98 | 136 | 200 | 46 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 7695410 | 6816010 | 88.57 |
| സീനിയർ വെറ്ററിനറി സർജൻ | 10 | 9 | 2125149 | 1558350 | 73.32 |
| ഹെൽത്ത് | 10 | 5 | 27728202 | 7961128 | 28.71 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ(മുൻസിപ്പാലിറ്റി) | | | | | |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | 1 | 1 | 1000000 | 1000000 | 100 |
| ഹെഡ്മാസ്റ്റർ,ഗവൺമെന്റ് മാപ്പിള യു പി സ്കൂൾ,തളിപ്പറമ്പ. | 11 | 8 | 4216330 | 3645412 | 86.46 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 4 | 7738470 | 6187705 | 79.96 |
| പ്രോജക്ട് ഓഫീസർ,നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ &മെമ്പർ സെക്രട്ടറി,സി ഡി എസ്. | 15 | 12 | 14164972 | 12332812 | 87.07 |
| സെക്രട്ടറി,മുൻസിപ്പാലിറ്റി. | 23 | 17 | 11966687 | 9265266 | 77.43 |
| സൂപ്രണ്ട് ,താലൂക്ക് ഹോസ്പിറ്റൽ | 4 | 4 | 4560549 | 4423047 | 96.98 |
| മുൻസിപ്പൽ എഞ്ചിനീയർ | 341 | 228 | 229358468 | 101938808 | 44.45 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 1 | 537000 | 26662 | 4.96 |
| ആകെ | 434 | 298 | 311091237 | 155155200 | 49.87 |

## 1-5-1 വിനിയോഗത്തിലെ കുറവ്-നഗരസഭക്ക് 7.61കോടി രൂപയുടെ നഷ്ടം.

2020-21 സാമ്പത്തികവർഷത്തിൽ 271 സ്പിൽ ഓവർ പ്രൊജക്ടുകളും 163 പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ 434 പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിൽ 200 പ്രൊജക്ടുകൾക്ക് മാത്രം തുക ചെലവഴിക്കുവാനാണ് സാധിച്ചത്.വിവിധ പ്രൊജക്ടുകളിൽ 311091237രൂപ വകയിരുത്തിയതിൽ 155155200/- രൂപ മാത്രമാണ് ചെലവഴിക്കുവാൻ സാധിച്ചത്.വികസന ഫണ്ട്,മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ വരവ് ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം- സാധാരണഫണ്ട് | 42081400 | 37914540 | 4166860 | 90 |
| എസ്.സി.പി. | 2202000 | 1405929 | 796071 | 63.85 |
| ടി .എസ്. പി | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 92796125 | 29227839 | 63568286 | 31.45 |
| മെയിന്റനൻസ് ഫണ്ട് ( റോഡ്) | 17678100 | 16325335 | 1352765 | 92.34 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ് ) | 12224099 | 5976911 | 6247188 | 48.89 |
| ആകെ | 166981724 | 90850554 | 76131170 | 54.4 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം അനുവദിക്കാത്തതിനാൽ ചെലവഴിക്കാത്ത തുക 76131170/- രൂപ നഷ്ടപ്പെട്ടിരിക്കുകയാണ് (സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). നഗരപ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ട വൻ തുക ഇപ്രകാരം നഷ്ടപ്പെടുത്തിയതിന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്കും ഭരണസമിതിക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. നിർവ്വഹണ ശേഷിക്ക് ഉപരിയായി വൻതോതിൽ പ്രൊജക്ടുകൾ തയ്യാറാക്കിയതാണ് ഇതിൽ പ്രധാനപ്പെട്ട അപാകത.പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കാത്തതും പൊതുമരാമത്ത് വിഭാഗത്തിൽ നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന

പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്ടുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5-2 മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല

പ്രോജക്ടിന്റെ മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകളാണ് നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിംഗ് കമ്മറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ ഭരണ സമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള വിശദമായ മോണിറ്ററിംഗ് നടന്നതായി കാണുന്നില്ല.പ്രൊജക്ട് ഫയലുകളിൽ വിശദമായ മോണിറ്ററിംഗ് നടത്തിയതുമായി ബന്ധപ്പെട്ട നിർദ്ദിഷ്ട ഫാറത്തിലുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ലഭിക്കാതെ തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1498055 | 5791533 | 7289588 | 4729752 | 2559836 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5524600 | 290 |
| വിധവാ പെൻഷൻ | 29923900 | 1581 |
| വാർദ്ധക്യകാല പെൻഷൻ | 49565800 | 2949 |
| വികലാംഗ പെൻഷൻ | 8460400 | 450 |
| വിവാഹ ധനസഹായം | 1200000 | 40 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2428600 | 133 |

## 1-7-1 അനർഹമായി കൈപ്പറ്റിയ സാമൂഹ്യസുരക്ഷ പെൻഷൻ തിരിച്ചടച്ചില്ല

ധനകാര്യ (എസ്.എഫ്.സി സെൽ-ബി)വകുപ്പിന്റെ സർക്കുലർ നം.7/2020/ധന.തീയ്യതി 23-1-2020 പ്രകാരം സർക്കാർ/അർദ്ധസർക്കാർ ,പൊതുമേഖലാസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ ,സർവ്വീസ് പെൻഷണർ ,കുടുംബ പെൻഷണർ സാമൂഹ്യസുരക്ഷ പെൻഷൻ കൈപ്പറ്റുന്നുണ്ടെങ്കിൽ ആയത് തിരിച്ചടക്കുന്നത് സംബന്ധിച്ച് ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്.എന്നാൽ ഫാമിലി പെൻഷൻ വാങ്ങികൊണ്ടിരിക്കുന്നതോടൊപ്പം നഗരസഭയിൽ നിന്നും സാമൂഹ്യസുരക്ഷ പെൻഷൻ കൈപ്പറ്റികൊണ്ടിരിക്കുന്ന താഴെ പയുന്നവർ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക നാളിതുവരെയായി തിരിച്ചടച്ചതായി കാണുന്നില്ല.

| പെൻഷണറുടെ പേര് | പെൻഷണർ ഐ ഡി നമ്പർ | പെൻഷൻ | വിഭാഗം | നാളിതുവരെ കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുക |
|---|---|---|---|---|
| ദേവകി പി വി | 102180100318 | കർഷക തൊഴിലാളി പെൻഷൻ | പട്ടികജാതി | 62300 |
| ദേവകി പി | 102180101449 | കർഷക തൊഴിലാളി പെൻഷൻ | 0 | 47800 |
| മീനാക്ഷി കെ വി | 102180200517 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | | 89400 |
| കല്ല്യാണി എം | 102180203037 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | | 40000 |
| രുഗ്മണി പി വി | 102180203164 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | | 52500 |
| രോഹിണി വി | 102180203343 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | | 52100 |
| രാജഗോപാലൻ കെ | 102180400098 | ഡിസെബിലിറ്റി പെൻഷൻ | | 41200 |
| യശോദ വാരസ്യാർ വി വി | 102180600491 | ഡിസെബിലിറ്റി പെൻഷൻ | | 51000 |
| ഗീത കെ പി | 102180600726 | വിധവാ പെൻഷൻ | | 57100 |
| ലീന കെ | 102180601317 | വിധവാ പെൻഷൻ | | 52800 |

മേൽ വ്യക്തികൾ അനർഹമായി കൈപ്പറ്റിയ പെൻഷൻ തുക തിരിച്ചടക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയെങ്കിലും തുക തിരിച്ചടക്കുകയോ, മറുപടി ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ മേൽ പറഞ്ഞവരുടെ ഫാമിലി പെൻഷൻ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയതായി നഗരസഭ അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 83435/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയുടെ ഭരണ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നഗരസഭയുടെ വരവ് ചെലവ് കണക്ക് രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തുനികുതി,തൊഴിൽനികുതി,ഡി& ഒ ലൈസൻസ് എന്നിവയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നഗരസഭയ്ക്ക് ഈയിനങ്ങളിൽ ലഭിക്കാനുള്ള തുക, കുടിശ്ശിക എന്നിവയുടെ കണക്കുകൾക്ക് വ്യക്തതയില്ല. പതിനാല് കോടിയിലധികം വരുന്ന സ്ഥിരനിക്ഷേപങ്ങൾ നഗരസഭക്കുണ്ട്. ഇൻവെസ്റ്റ്മെന്റുകൾ യഥാസമയം പുതുക്കുന്നതിലും സ്ഥിരനിക്ഷേപങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ അവർ കൈകാര്യം ചെയ്ത ഫയലുകളും രേഖകളും രജിസ്റ്ററുകളും ഉത്തരവാദപ്പെട്ടവർക്ക് കൈമാറ്റം ചെയ്യുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നില്ല.

മുനിസിപ്പാലിറ്റിയുടെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നില്ല. കേരള മുനിസിപ്പാലിറ്റി നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം നഗരസഭയ്ക്ക് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവുചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

നഗരസഭയുടെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.നികുതികളും ഫീസുകളും പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്.കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നഗരസഭയുടെ അനുമതിയില്ലാതെ കെട്ടിട നിർമ്മാണം/വിപുലീകരണം നടത്തുകയും അപേക്ഷകളുടെ അടിസ്ഥാനത്തിൽ പിന്നീട് ക്രമവൽക്കരണം നടത്തി വസ്തു നികുതി ഈടാക്കുന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്. എന്നാൽ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് സാധിച്ചിട്ടില്ല.നഗരസഭയിൽ അനധികൃതനിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.അനധികൃതനിർമ്മാണം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന് ജീവനക്കാരെ നിയോഗിക്കുന്നുണ്ടെങ്കിലും ഇതുവരെയായും ഒരു അനധികൃത നിർമ്മാണം പോലും കണ്ടെത്താനായിട്ടില്ലെന്നത് പരിശോധനയിലെ വീഴ്ചകൾ വ്യക്തമാക്കുന്നു.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികൾ തന്നെയും വീഴ്ചവരുത്തിയിട്ടുണ്ട്. ചെലവഴിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയ കൺട്രോളിംഗ് സംവിധാനം ഇത് മൂലം ഫലപ്രദമായില്ല.സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണഉദ്യോഗസ്ഥരുടെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും ഫലപ്രദമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി പ്രഥമമറുപടി സമർപ്പിക്കുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ട്.2015-16മുതൽ 2018-19വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് അനന്തരറിപ്പോർട്ട് പുറപ്പെടുവിച്ചതിന് ശേഷം മാത്രമാണ് നഗരസഭ പ്രഥമമറുപടി സമർപ്പിച്ചിട്ടുള്ളത്. ഇപ്രകാരം പ്രഥമമറുപടി സമർപ്പിച്ച ശേഷം ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ പിന്നീട് തുടർ നടപടികളൊന്നും നഗരസഭ സ്വീകരിച്ചതായും കാണുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന ക്രമീകരണങ്ങൾ നിയന്ത്രണ സംവിധാനങ്ങളിൽ വരുത്തേണ്ടതുമാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി നഗരസഭയെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ചുമതലകൾ ജീവനക്കാർ നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ഇതിനായി എല്ലാ യോഗങ്ങളിലും സ്ഥിരം അജണ്ടയായി ഇത് സ്വീകരിക്കാവുന്നതുമാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ഇ) ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിനും യഥാസമയം മറുപടി നൽകുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിലെ (2014-2015സാമ്പത്തികവർഷത്തെ) 8 തടസ്സങ്ങൾ ഇപ്പോഴും തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. അക്കൗണ്ടന്റ് ജനറൽ ഏറ്റവും ഒടുവിലത്തെ പരിശോധന നടത്തിയത് 01-01-2020തീയതി മുതൽ 20-01-20തീയതി വരെയാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2012-13, 2017-18, 2019-20 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുന്നതിന് നഗരസഭ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി അപാകങ്ങൾ

1) 2020-21 സാമ്പത്തിക വർഷം തളിപ്പറമ്പ നഗരസഭയിൽ മരാമത്ത് പ്രവൃത്തികളിലേർപ്പെട്ട 38 കരാറുകാരുടെ ലിസ്റ്റ് നഗരസഭ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2) 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം സൂചിപ്പിച്ചിട്ടുള്ള അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ പരമാവധി 1250 രൂപ അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

3) 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുകൊണ്ടുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും അതിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായ ആളുകളുടെ അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷത്തെ ഡിമാന്റ് രജിസ്റ്ററിൽ മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും വിവരങ്ങൾ ചേർത്തിട്ടില്ല.

4) 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-12 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | വാർഡ് | അർദ്ധവർഷം |
|---|---|---|---|
| 1 | റിഹാൻ ചൈൽഡ് ന്യൂ ബോൺ ഹോസ്പിറ്റൽ | 2 | I & II |
| 2 | നേത്രജ്യോതി ഐ ക്ലിനിക്ക് | 2 | I & II |
| 3 | ഹെഡ് മാസ്റ്റർ , യത്തീംഖാന യു.പി സ്കൂൾ | 8 | I & II |
| 4 | റോയൽ ഇംഗ്ലീഷ് സ്കൂൾ | 13 | I & II |
| 5 | എം കെയർ ഫിസിയോ തെറാപ്പി സെന്റർ | 8 | I & II |
| 6 | ഫാമിലി സൂപ്പർ മാർക്കറ്റ്, മന്ന | 13 | I & II |
| 7 | ജെ ജെ ഡെന്റൻ ക്ലിനിക്ക് | 13 | I & II |
| 8 | സപ്ലൈ കോ സൂപ്പർമാർക്കറ്റ് | 13 | I & II |

| | | | |
|---|---|---|---|
| 9 | ഹോണ്ട ഷോറൂം, മന്ന | 13 | I & II |
| 10 | അപ്പോളോ ലബോർട്ടറി, മന്ന | 13 | I & II |
| 11 | ഷിഫ ഡെന്റൻ കെയർ ക്ലിനിക്ക് നഴ്സിംഗ് ഹോം | 15 | II |
| 12 | ഡോ.റാണി വർഗീസ് ഹോമിയോ ക്ലിനിക് | 18 | II |
| 13 | എറം മോട്ടോഴ്സ് | 24 | I & II |
| 14 | കോ-ഓപറേറ്റീവ് ബാങ്ക് മന്ന | 5 | II |
| 15 | കേരള കോ-ഓപറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ | 5 | II |
| 16 | ശ്രീ ശങ്കരാചാര്യ കമ്പ്യൂട്ടർ യൂണിറ്റ് | 17 | I |
| 17 | എം.ആർ.എ റെസ്റ്റോറന്റ് | 22 | I |
| 18 | ഹോട്ടൽ ചെമ്പരത്തി & ലോഡ്ജ് | 26 | I & II |
| 19 | മാർജിൻ ഫ്രീ മാർക്കറ്റ് | 29 | I & II |
| 20 | പ്രകാശ് അസോസിയേറ്റ് | 29 | I & II |
| 21 | നബ്രാസ് ഹൈപ്പർ മാർക്കറ്റ് | 29 | I |
| 22 | സ്വിസ്സ് ഗോൾഡ് | 29 | I & II |
| 23 | പി.എൻ.വൈ സബാ ഫിനാനൻസ് | 29 | I |
| 24 | പൊതുവാൾ ഏജൻസീസ് | 29 | I & II |
| 25 | ഇൻഫ്രാ സോഫ്റ്റ് കമ്പ്യൂട്ടർ സെന്റർ | 29 | I & II |
| 26 | ഇന്നവേറ്റീവ് സൊല്യൂഷൻ നെറ്റ് വർക്ക് | 29 | I & II |
| 27 | റോസ് ഓഫ് സെറ്റ് പ്രിന്റർ | 29 | I & II |
| 28 | എസ്.കെ ദന്തൽ ക്ലിനിക്ക് | 29 | I & II |
| 29 | അൽ അറബ് ടൂർസ് & ട്രാവൽസ് | 29 | I & II |
| 30 | ബ്രില്ല്യൻസ് കോളേജ് | 32 | I & II |
| 31 | സെഞ്ച്വറി ഫാഷൻ സിറ്റി | 32 | II |
| 32 | കെ.ടി.സി പാഴ്സൽ സർവ്വീസ് | 32 | I & II |
| 33 | മാരുതി സുസൂക്കി | 34 | I & II |
| 34 | റോയൽ എൻഫീൽഡ് | 34 | I & II |

ഇത് സംബന്ധിച്ച് 24.12.21 ന് നൽകിയ 25-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി മുനിസിപ്പാലിറ്റി ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-13 ലൈസൻസ് വരവ് -അപാകതകൾ

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നില്ല .

സർക്കാർ ഉത്തരവ് (പി)നമ്പർ62/20/ത.സ്വ.ഭ.വ തീ.30-10-20 പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 2020-21വർഷം പുതിയ വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള അപേക്ഷ പരിശോധിച്ചതിൽ നഗരസഭയുടെ പരിധിയിലുള്ള ചില സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത് ഏത് നിരക്കിലാണ് എന്നത് വ്യക്തമല്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ലൈസൻസിയുടെ പേര് | അപേക്ഷ സമർപ്പിച്ച തീയ്യതി | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | തസ്ലിം മുഹമ്മദ് | 27/1/21 | ഇലക്ട്രിക്ക് സ്കൂട്ടി വില്പന | 1100 |
| 2 | പുള്ളിയിൽ മുഹമ്മദ് കുഞ്ഞി | 1/1/21 | പൊടികൾ പാക്ക് ചെയ്ത് വില്പന | 500 |
| 3 | ജബ്ബാർ .കെ | 11/1/21 | ജ്യൂസ് ബാർ | 500 |
| 4 | കെ പി ജാബിർ | 11/2/21 | ബേക്കറി | 1100 |
| 5 | ടി പി ഹാഷിം | 17/12/20 | അലുമിനിയം ഫാബ്രിക്കേഷൻ | 200 |

മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(AE-8/2020-21, തീ.18-12-2021)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞവരിൽ നിന്നും മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പുതിയ നിരക്കിലുള്ള ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമാണ്.

## 1-13-1 നഗരസഭയുടെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല

നഗരസഭയിലെ ചില വാർഡുകളുടെ ലൈസൻസ് ഫീസുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം നഗരസഭയുടെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതായോ, ഒമിഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായോ കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ്, കെട്ടിട നം. | ലൈസൻസിയുടെ പേര് | സ്ഥാപനം | ഈടാക്കേണ്ടുന്ന ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | IV/180 C | തോമസ് കുര്യാക്കോസ് | വാൾപ്പേർ, കർട്ടൻ തുടങ്ങിയവ നില്പന | 1000 |
| 2 | IV/230 | അബ്ദുൾ നാസർ | ആർട്ട് ഗാലറി | 600 |
| 3 | IV/176 | മുരളീധരൻ .എസ് | കൃഷി ഏജൻസി | തുക രേഖപ്പെടുത്തിയിട്ടില്ല |
| 4 | IV/236 | മനോജ് തോമസ് | സർജ്ജിക്കൽഐറ്റം | ,, |
| 5 | IV/243 | മുറ്റക്കാരൻ സാബിർ | ബേക്കറി | ,, |
| 6 | XXVI/449/ | ലീനഎം വി | ബ്യൂട്ടി പാർലർ | ,, |
| 7 | XXIX/330 | കുഞ്ഞിരാമൻ | റെഡിമെയ്ഡ് കട | 500 |
| 8 | XXIX/460 | ടി പി ഗണേശൻ | ജ്വല്ലറി | 400 |
| 9 | XXIX/680 | ഷാൻഫിർ പാറപ്പുറത്ത് | ടൂർസ് &ട്രാവൽസ് | 300 |
| 10 | IX/342 | ജംഷീർ കെ | സ്പോർട്സ് ഐറ്റം | തുക രേഖപ്പെടുത്തിയിട്ടില്ല |

മേൽ പറഞ്ഞവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ(AE-8/2020-21, തീ.18-12-2021)ത്തിന് മറുപടി ലഭ്യമാക്കിയതിൽ മേൽ പറഞ്ഞ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം പരിശോധിക്കുകയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കോവിഡ് കാരണം പല സ്ഥലങ്ങളിലും ലൈസൻസ് റദ്ദാക്കാൻ അപേക്ഷകൾ പോലും തരാതെ സ്ഥാപനം നിർത്തിപ്പോയിട്ടുണ്ട് എന്നും ആ സമയത്ത് കൃത്യമായ പരിശോധനകൾ നടത്തുന്നതിനും സാധിച്ചിട്ടില്ല എന്നും സ്ഥാപനങ്ങൾ നിർത്തി പോയത് താൽക്കാലികമായിട്ടാണോ സ്ഥിരമായിട്ടാണോ എന്നത് അറിയാത്തതിനാൽ ആണ് ഒമിഷൻ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നത്.

## 1-13-2 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

നഗരസഭ പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്) വാർഡ് തിരിച്ച് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇത്തരത്തിൽ ഒരു ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാത്തതിനാൽ നഗരസഭയുടെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി& ഒ ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആവശ്യമായ ഫീൽഡ് തല പരിശോധന നടത്തി പൂർണ്ണവും കുറ്റമറ്റതുമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 1-14 ഇ -ടെണ്ടർ-ടെണ്ടർ ഫാറം വില മുനിസിപ്പൽ എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും

നഗരസഭ അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല.

മുനിസിപ്പൽ എഞ്ചിനീയർ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി നടത്തുന്ന ഇ-ടെണ്ടറുകളിൽ ലഭിക്കുന്ന ടെണ്ടർ ഫീസുകൾ മുനിസിപ്പൽ എൻജിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ 67249485905 നമ്പർ കറന്റ് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഈ അക്കൗണ്ടിൽ 31-03-21ന് 562640.50/- രൂപ നീക്കിയിരിപ്പുണ്ട്. നഗരസഭയുടെ തനത് വരുമാനമായ പ്രസ്തുത തുക മുനിസിപ്പൽ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് യഥാസമയം മാറ്റാതെ പലിശരഹിത അക്കൗണ്ടിൽ നിലനിർത്തുന്നത് ക്രമപ്രകാരമല്ല. ഈ തുകയിൽ സർക്കാരിലേക്ക് അടവാക്കാനുള്ള നികുതി തുകകളുണ്ടെങ്കിൽ ആയത് അടവാക്കിയതിനു ശേഷം ബാക്കി തുക (ടെണ്ടർ ഫീസ്) നഗരസഭ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്. ഇ-ടെണ്ടർ ഇനത്തിൽ ലഭിക്കുന്ന ഫീസ് തുകകൾ അതതു വർഷത്തെ നഗരസഭയുടെ വരുമാനമായി വാർഷിക കണക്കിൽ ഉൾപ്പെടേണ്ടതായിട്ടും, നാളിതു വരെ ഈ തുക എഞ്ചിനീയറുടെ പേരിലുള്ള പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

## 1-15 മുനിസിപ്പാലിറ്റിയുടെ തനതു വരുമാന വർദ്ധനവിന് ജിയോ മാപ്പിംഗ് ആപ്ലിക്കേഷന്റെ സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണ്.

തളിപ്പറമ്പ് മുനിസിപ്പാലിറ്റി പരിധിയിൽ നിലവിലുള്ള കെട്ടിട,ഗതാഗത , പൊതു ഉപയോഗ ആസ്തികൾ എന്നിവ കൃത്യമായി മാപ്പ് ചെയ്യുന്നതിനായി ഊരാളുങ്കൽ ലേബർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഡോർ ടു ഡോർ സർവ്വേ,ഡ്രോൺ മാപ്പിംഗ് എന്നീ മാർഗ്ഗങ്ങളിലൂടെ വിവരശേഖരണം നടത്തി ജിയോ മാപ്പിംഗ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. വിവരശേഖരണം നടപ്പ് സാമ്പത്തിക വർഷം പൂർത്തിയായിട്ടുണ്ട്.മേൽ ആപ്ലിക്കേഷൻ മുനിസിപ്പാലിറ്റിയുടെ തനത് വരുമാന വർദ്ധനവിനായി ഉപയോഗപ്പെടുത്തേണ്ടതാണ്.ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ നിലവിൽ അനധികൃത നിർമ്മാണങ്ങളൊന്നുമില്ല.എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം കെട്ടിടങ്ങൾ ക്രമവൽകരണം നടത്തിയിട്ടുണ്ട്.അതിനാൽ അനധികൃത നിർമ്മാണങ്ങൾ മുനിസിപ്പാലിറ്റി പരിധിയിൽ ഉണ്ടാവാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.ജിയോ മാപ്പിംഗ് ആപ്ലിക്കേഷൻ പ്രകാരമുള്ള കെട്ടിടങ്ങളുടെ എണ്ണത്തേക്കാൾ കുറവാണ് നിലവിൽ സഞ്ചയ പ്രകാരമുള്ള കെട്ടിടങ്ങളുടെ എണ്ണം. വ്യത്യാസം വന്ന കെട്ടിടങ്ങൾ അനധികൃത നിർമ്മാണത്തിൽപ്പെട്ടവയാണോയെന്ന് പരിശോധിക്കേണ്ടതാണ്.

2. ജിയോ മാപ്പിംഗ് ആപ്ലിക്കേഷനിൽ നിന്നും കെട്ടിടത്തിന്റെ ശരിയായ വിസ്തീർണ്ണം,ഉപയോഗഗണം,പ്രവേശന മാർഗ്ഗത്തിന്റെ വീതി,തറയുടെ തരം മേൽക്കൂര ഇനം മുതലായ വിവരങ്ങൾ ലഭിക്കും. ഇത് AR പ്രകാരമുള്ളതുമായി താരതമ്യം ചെയ്ത് കെട്ടിട ഉടമ നിലവിൽ ഒടുക്കുന്ന വസ്തു നികുതി ശരിയാണോയെന്ന് പരിശോധിക്കാവുന്നതാണ്.

3. ജിയോ മാപ്പിംഗ് ആപ്ലിക്കേഷനിൽ നിന്നും വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണം ലഭിക്കും. മേൽ കെട്ടിടങ്ങളെല്ലാം എഫ്.ടി.ഇ&ഓ.എസ്. ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

4. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള മുനിസിപ്പാലിറ്റിയിലെ ഒരോ വാർഡിലെയും കെട്ടിടങ്ങളുടെ എണ്ണത്തേക്കാൾ ജിയോ മാപ്പിംഗ് ആപ്ലിക്കേഷനിൽ കൂടുതലുണ്ട്. നിലവിൽ വസ്തു നികുതി ഒടുക്കാത്ത കെട്ടിടങ്ങൾ (നികുതി,ഉപനികുതി ഒഴിവാക്കാത്തവ) മുനിസിപ്പാലിറ്റി പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ തനത് വരുമാന വർദ്ധനവിന് ഏറ്റവുമധികം പ്രയോജനപ്പെടുത്താവുന്ന മേൽ ആപ്ലിക്കേഷനിലെ ഡേറ്റയിൽ യഥാസമയം അപ്ഡേഷൻ വരുത്താൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-16 വീട്ട് വാടക ബത്ത ക്ലെയിം ചെയ്ത കാലയളവിൽ നഗരസഭസെക്രട്ടറിക്ക് ക്വാട്ടേഴ്സ് വാടക അനുവദിച്ചത് ക്രമപ്രകാരമല്ല 14780 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നഗരസഭ സെക്രട്ടറിക്ക് ഔദ്യോഗിക ആവശ്യത്തിന് ക്യാമ്പ് ചെയ്യുന്നതിന് താമസസൗകര്യം ഇല്ലാത്തതിനാൽ പ്രതിമാസം 6000 രൂപ നിശ്ചയിച്ച് ക്വാട്ടേഴ്സ് വാടക അനുവദിച്ചിട്ടുണ്ട്.എന്നാൽ ശമ്പളത്തോടൊപ്പം വീട്ട് വാടക ബത്തയും സെക്രട്ടറി ക്ലെയിം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| | | വൗച്ചർ നമ്പർ/ തീയതി | തുക | ശമ്പള ബിൽ പ്രകാരം(ട്രഷറി) അനുവദിച്ച എച്ച് ആർ എ |
|---|---|---|---|---|
| 1 | 03/2020 | 11/02-04-2020 | 6000 | 1500 |
| 2 | 04/2020 | 47/08-05-2020 | 6000 | 1200 |
| 3 | 05/2020 | 113/03-06-2020 | 6000 | 1210 |
| 4 | 06/2020 | 175/02-07-2020 | 6000 | 1200 |

| | | | | |
|---|---|---|---|---|
| 5 | 07/2020 | 229/03-08-2020 | 6000 | 1210 |
| 6 | 08/2020 | 331/08-09-2020 | 6000 | 1210 |
| 7 | 09/2020 | 398/06-10-2020 | 6000 | 1500 |
| 8 | 10/2020 | 517/05-11-2020 | 6000 | 1500 |
| 9 | 11/2020 | 563/02-12-2020 | 6000 | 1500<br>(ശമ്പള ബിൽ ഹാജരാക്കിയിട്ടില്ല.) |
| 10 | 12/2020 | 676/04-01-2021 | 6000 | 1250 |
| 11 | 01/2021 | 744/01-02-2021 | 6000 | 1500 |
| | | | | 14780 |

വീട്ട് വാടക ബത്ത ക്ലെയിം ചെയ്ത കാലയളവിൽ ക്വാട്ടേഴ്സ് വാടക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE-13/2020-21 Dated : 18-12-2021) അധികമായി അനുവദിച്ച തുക തിരിച്ചടപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 14780 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 14780 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 1-17 തെറ്റായ ഗ്രേഡ് നിർണയം-ഡി.സി.ആർ.ജിയിൽ നിന്ന് തിരിച്ച് പിടിച്ച തുക കണക്കാക്കിയതിലെ അപാകങ്ങൾ കാരണം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

നഗരസഭയിൽ നിന്ന് 31-05-2020 വിരമിച്ച ശ്രീ വി.വി.വിജയൻ ലൈബ്രേറിയൻ എന്നവരുടെ തെറ്റായ ഗ്രേഡ് നിർണയം കാരണം ഡി.സി.ആർ.ജിയിൽ നിന്ന് 607834 രൂപ തിരിച്ച് പിടിച്ചിട്ടുണ്ട്. തുക കണക്കാക്കിയതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1- ജീവനക്കാരന്റെ ആർജിതാവധി സറണ്ടർ ചെയ്ത തുക ഡ്യൂ, ഡ്രോൺ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | തിയതി | സറണ്ടർ ചെയ്ത ദിനങ്ങൾ |
|---|---|---|
| 1 | 02-12-1999 | 20 |
| 2 | 01-04-2005 | 30 |

2-2004 ലെ ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ.(പി) 145/2006/ധന തീയതി 25-03-2006 പ്രകാരം ജീവനക്കാരുടെ ശമ്പളം 01-07-2004 മുതൽ പരിഷ്കരിച്ചിട്ടുണ്ട്. തയ്യാറാക്കിയ ഡ്യൂ, ഡ്രോൺ സ്റ്റേറ്റ്മെന്റിൽ ക്ഷാമബത്ത കണക്കാക്കിയതിൽ തെറ്റ് വന്നിട്ടുണ്ട്. 01-01-2005 മുതൽ 30-06-2005 വരെ 67 %ന് പകരം 8% വും 01-07-2005 മുതൽ 31-12-2005 വരെ 71 %ന് പകരം 12% വും 01-01-2006 മുതൽ 28-02-2006 വരെ 74 % ന് പകരം 15% വുമാണ് കാണിച്ചത്.

3-2009 ലെ ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ.(പി) 85/2011/ധന തീയതി 26-02-2011 പ്രകാരം ജീവനക്കാരുടെ ശമ്പളം 01-07-2009 മുതൽ പരിഷ്കരിച്ചിട്ടുണ്ട്. 01-01-2010 മുതൽ 28-02-2010 വരെയുള്ള ഡ്യൂ, ഡ്രോൺ സ്റ്റേറ്റ്മെന്റിൽ ക്ഷാമബത്ത 78% കാണിക്കുന്നതിന് പകരം 8% മാത്രമാണ് കാണിച്ചത്.

മേൽ അപാകങ്ങൾ കാരണം ജീവനക്കാരന്റെ ഡി.സി.ആർ.ജിയിൽ നിന്ന് തിരിച്ച് പിടിച്ച തുക കുറവാണ്. ജീവനക്കാരന്റെ സേവനപുസ്തകം പരിശോധനക്ക് ലഭിച്ചിട്ടില്ല. G-1/13592/19 നമ്പർ ഫയലിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പരാമർശം രേഖപ്പെടുത്തിയത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (AE-18/2020-21 Dated : 20-12-2021) അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 അവധി ശമ്പളം അനുവദിച്ചത് ക്രമപ്രകാരമല്ല.അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

1- നഗരസഭയിലെ സരിത.കെ.സി സീനിയർ ക്ലർക്ക് 2020 മാർച്ച് മാസത്തിൽ 3, 4, 5, 19,20,21 തീയതികളിൽ അർദ്ധവേതനാവധിയിൽ അയിരുന്നു. ജീവനക്കാരിക്ക് ഇത് പ്രകാരം 25 ദിവസം മുഴുവൻവേതനവും 6 ദിവസം അർദ്ധവേതനവുമാണ് അനുവദിക്കേണ്ടത്. എന്നാൽ 30 ദിവസം മുഴുവൻവേതനവും 1 ദിവസം അർദ്ധവേതനവുമാണ് അനുവദിച്ചത്. അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| Pay (BP27,800) | Leave Pay | DA | HRA | Total |
|---|---|---|---|---|
| 26903 | 448 +72 | 5560 | 1500 | 34483 |

2020 മാർച്ചിലെ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം 6 ദിവസം അർദ്ധ വേതനാവധിയിലാണെങ്കിലും സേവനപുസ്തകത്തിൽ 3 ദിവസം മാത്രമാണ് കാണിച്ചത്. ഇത് കാരണം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2- 05/2020 ലെ അറ്റൻഡൻസ് പ്രകരം സരിത.കെ.സി സീനിയർ ക്ലർക്ക് 6 (6,11,12,13,14,18) ദിവസം മാത്രമാണ് ഓഫീസിൽ ഹാജരായത്. അറ്റൻഡൻസ് രജിസ്റ്ററിൽ 19 ദിവസങ്ങളിൽ ആബ്സന്റായും 2 ദിവസം വർക്ക് ഫ്രം ഹോം ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പരിഗണിക്കാതെ ജീവനക്കാരിക്ക് 20 ദിവസത്തെ വേതനം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| Pay (BP27,800) | DA | HRA | Total |
|---|---|---|---|
| 17935 | 3587 | 968 | 22490 |

19 ദിവസം ആബ്സന്റ് ആയ ജീവനക്കാരിക്ക് 20 ദിവസത്തെ വേതനം അനുവദിച്ചത് കാരണം അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

3-ഹാജർ രജിസ്റ്റർ പ്രകാരം ജീവനക്കാരി 19-05-20 ന് ശേഷം ഓഫീസിൽ ഹാജരായിട്ടില്ല. പ്രസ്തുത കാലയളവ് ക്രമീകരിച്ചിട്ടില്ല. ആയത് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE-16/2020-21 Dated : 20-12-2021)അധികം നൽകിയ തുക തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-19 പൊതു ടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതിലെ അപാകതകൾ

കേരളാ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 90 ടാപ്പുകൾക്ക് പ്രതിവർഷം 7884 രൂപ നിരക്കിൽ 2019-20, 2020-21 വർഷങ്ങളിലായി 14,19,120 രൂപ ഒടുക്കിയിട്ടുണ്ട്. തുക ഒടുക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- കേരള വാട്ടർ അതോറിറ്റിയുടെ 04-04-2019 ലെ ഡിമാന്റ് നോട്ടീസ് നമ്പർ 33565 പ്രകാരം ഡിമാന്റ് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| Closing Balance As On 31-03-2019 | ₹73,028 |
| Fine | ₹ 1,409 |
| Demand For The Month | ₹ 59,130 |
| Other Charges | 0 |
| Total | ₹1,33,567 |

01-04-2019 മുതൽ ഓരോ മാസവും വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന ഡിമാന്റ് നോട്ടീസ് അനുസരിച്ച് 31-03-2021 വരെ പ്രതിമാസം 59,130 നിരക്കിൽ 24 മാസത്തേക്ക് 14,19,120 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ടെങ്കിലും വാട്ടർ അതോറിറ്റി 4-03-3021 ന് നൽകിയ ഡിമാന്റ് നോട്ടീസ് പ്രകാരം 28-02-2021 വരെ 7,13,059 രൂപ കുടിശ്ശികയായും 13,964 രൂപ പിഴ ഇനത്തിലും ഒടുക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. പ്രതിമാസം ഒടുക്കേണ്ട തുക ഒടുക്കിയിട്ടും ഇത്രയും തുക കുടിശ്ശിക വന്നത് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2- കേരള വാട്ടർ അതോറിറ്റിയുടെ 13-09-2021 ലെ കത്ത് പ്രകാരം 3-09-2021, 07-09-2021 തീയതികളിൽ നടത്തിയ സംയുക്ത പരിശോധന റിപ്പോർട്ട് പ്രകാരം 59 ടാപ്പുകൾ മാത്രമാണ് പ്രവർത്തനക്ഷമമായുള്ളത്. പ്രവർത്തിക്കാത്ത 31 എണ്ണത്തിൽ 15 എണ്ണം നിലവിലില്ലയെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 13-09-2021 ന് റിപ്പോർട്ട് ലഭിച്ചതിന് ശേഷവും 90 ടാപ്പുകൾ ഉപയോഗിക്കുന്നതായി കണക്കാക്കിയാണ് ഡിമാന്റ് നോട്ടീസ് നൽകിവരുന്നത്. സംയുക്തപരിശോധന റിപ്പോർട്ടിന് ശേഷം അധികമായി ഒടുക്കിവരുന്ന തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപയോഗിക്കുന്ന ടാപ്പുകൾക്ക് മാത്രം കുടിവെള്ളക്കരം ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-20 ലൈബ്രറി സെസ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ഒടുക്കേണ്ടതാണ്.

കേരള ഗ്രന്ഥശാല സംഘത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സമ്പത്ത് കണ്ടെത്തുന്നത് പ്രധാനമായും കേന്ദ്ര, സംസ്ഥാന സർക്കാരുകൾ കാലകാലങ്ങളിൽ നൽകുന്ന ഗ്രാന്റുകളിലൂടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈബ്രറി സെസിലൂടെയുമാണ് ഓരോ അർദ്ധവർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് കൃത്യമായി സംസ്ഥാന ലൈബ്രറി കൗൺസിലിന് അടവാക്കാതിരുന്നാൽ അത് കേരളത്തിലെ ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. തളിപ്പറമ്പ നഗരസഭ 2018-19 വർഷം മുതൽ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക സമയബന്ധിതമായി ലൈബ്രറി കൗൺസിലിന് ഒടുക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചുവരികയാണ്.ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| 2019-20 വർഷത്തിലെ വർഷാരംഭ ബാക്കി | 2020-21 വർഷത്തിലെ വരവ് | ആകെ | 2020-21 വർഷത്തിൽ ഒടുക്കിയത് | 2020-21 വർഷത്തിലെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 4039923 | 1153191 | 5193114 | 0 | 5193114 |

തദ്ദേശഭരണ (എൽ) വകുപ്പ് 20-09-2006 ൽ പുറപ്പെടുവിച്ച 10088/എൽ 3/05 തസ്വഭവ നമ്പർ മാർഗ്ഗ നിർദേശം അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുത്ത തുക ഓരോ വർഷവും രണ്ടു ഗഡുക്കളായി (എപ്രിൽ 30 നകവും ,സെപ്തംബർ 30 നകവും ) സംസ്ഥാനലൈബ്രറി കൗൺസിലിൽ അടയ്ക്കേണ്ടതാണ്. എന്നാൽ നഗരസഭ ഇത് സമയബന്ധിതമായി ഒടുക്കുന്നില്ല. കേരള പബ്ലിക്ക് ലൈബ്രറീസ്(കേരള ഗ്രന്ഥശാല സംഘം) അമെൻഡ്മെന്റ് ആക്ട് 2000(1989 ലെ കേരള ഗ്രന്ഥശാല സംഘം ആക്ട് സെക്ഷൻ 48 ഭേദഗതി) പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് സമയബന്ധിതമായി ഗ്രന്ഥശാല സംഘത്തിന് അടയ്ക്കാതിരുന്നാൽ തുടർന്ന് പ്രതിമാസം 2 ശതമാനം പലിശയോടുകൂടി തുക ഒടുക്ക് വരുത്തേണ്ടതാണ്. പ്രസ്തുത പിഴ ബന്ധപ്പെട്ട സെക്രട്ടറി, പ്രസിഡന്റ്/ചെയർപേഴ്സൺ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കുവാനും ആക്ട് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആയതിനാൽ ലൈബ്രറി സെസ് ഇനത്തിൽ ലഭിച്ച തുക സമയബന്ധിതമായി ലൈബ്രറി കൗൺസിലേക്ക് അടക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ഐ.ബി.പി.എം.എസ്. പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാക്കിയിട്ടില്ല

ഫയൽ നമ്പർ - 19089/2018

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ/പേര് | 201/21ഐ.ബി.പി.എം.എസ്.ന വേണ്ടിയുള്ള കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | ₹2,66,000 തനത് ഫണ്ട് |
| ചെലവ് | ₹93,204 വൗച്ചർ നമ്പർ/തീയതി 829/23-02-2021 |

പ്രോജക്ട് പ്രകാരം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ഇന്റലിജന്റ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം (ഐ.ബി.പി.എം.എസ്.) നടപ്പാക്കുന്നതിന് വേണ്ട് കമ്പ്യൂട്ടർ ആർമ സൊല്യൂഷൻസ്, പിലാത്തറ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. കമ്പ്യൂട്ടർ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും സർക്കുലർ നമ്പർ 86/2010/ധന തീയതി 24-09-2010 ൽ നിർദ്ദേശിച്ച മാതൃകയിൽ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല .സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ കമ്പ്യൂട്ടറിന് 5 വർഷം വാറണ്ടി ഓഫർ ചെയ്തിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച് രേഖപ്പെടുത്തൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇല്ല.

ഐ.ബി.പി.എം.എസ്. നഗരസഭയിൽ പൂർണ്ണമായും നടപ്പാക്കിയിട്ടില്ല. ഐ.ബി.പി.എം.എസ്. നഗരസഭയിൽ നടപ്പാക്കിയ വിവരം പൊതുജനങ്ങളെ അറിയിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അപേക്ഷകൾ പൂർണ്ണമായും ഐ.ബി.പി.എം.എസ്. പോർട്ടൽ മുഖേന സ്വീകരിച്ച് നടപടിക്രമങ്ങളിലെ സുതാര്യതയും സമയക്ലിപ്തതയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-22 ജി.ഐ.എസ് മാപ്പിംഗ് അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ / പേര് | 219/20 ജി.ഐ.എസ് മാപ്പിംഗ്<br>279/21 ജി.ഐ.എസ് മാപ്പിംഗ് |
| അടങ്കൽ 25,00,000 (2019-20) | തനത് ഫണ്ട് |
| അടങ്കൽ 31,64,820 (2020-21) | വികസന ഫണ്ട് |
| ചെലവ് | ₹1335180 958/18-03-2020<br>₹30,78,020 ബിൽ നമ്പർ 42/27-03-2021 |

തളിപറമ്പ് നഗരസഭയുടെ ജി ഐ എസ് മാപ്പിംഗ് പ്രവൃത്തികൾ നടത്തിയത് ഊരാളുങ്കൽ ലേബർ കേൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരമാണ്. സർക്കാർ ഉത്തരവ് (ആർ.ടി) 2556/2018/ത.സ്വ.ഭ.വ തീയതി 04-10-2018, ഉത്തരവ് പ്രകാരം ജി ഐ എസ് മാപ്പിംഗ് ഐ.കെ.എം സൂപ്പർവൈസ് ചെയ്യേണ്ടതാണ്, ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ വേണം ജി ഐ എസ് മാപ്പിംഗ് നടത്താൻ. പ്രോപ്പർട്ടി അസസ് മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കണം, തദ്ദേശ സ്ഥാപന തലത്തിലുള്ള കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ കൂടി മാപ്പിംഗ് പരിധിയിൽ കൊണ്ടുവരണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഡാറ്റ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഐ.കെ.എം സൂപ്പർവൈസ് ചെയ്തിട്ടില്ല. ഐ.കെ.എം ഡെവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ് വെയറുകളുമായി സംയോജിപ്പിച്ചിട്ടില്ല. പ്രോപ്പർട്ടി അസസ് മെന്റിന് ജി ഐ എസ് മാപ്പിംഗ് നിലവിൽ ഉപകരിക്കുന്നില്ല. കുടുംബങ്ങളുടെ സോഷ്യോളജിക്കൽ ഡാറ്റ നഗരസഭ പ്രയോജനപ്പെടുത്തുന്നില്ല. പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ കൂട്ടിച്ചേർക്കുന്നതിന് നിലവിൽ നഗരസഭയിൽ സംവിധാനമില്ല. ആയതിനാൽ നിലവിലുള്ള ഡാറ്റയിൽ അപ്ഡേഷൻ നടത്തുന്നില്ല.

2- ജി ഐ എസ് മാപ്പിംഗിന് അംഗീകരിച്ച നിരക്ക് താഴെ പറയും പ്രകാരമാണ്.

₹110/HOUSE HOLD

₹7000/Square KM Which Included Detailed Road Survey

₹ Soft Ware Development -Nil

ഊരാളുങ്കൽ ലേബർ കേൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി താഴെ പറയും പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്

| Sl No | Item | Unit | Unit Prize | Total Units | Total Prize |
|---|---|---|---|---|---|
| 1 | Base Map | Sq. KM | 7000 | 20 | 1,40,000 |
| 2 | House Hold Survey | Number | 110 | 20000 | 22,00,000 |
| | Additional Features | | | | |
| 3 | Drone Surevey | Sq. KM | 20000 | 20 | 4,00,000 |
| 4 | GIS Portal | Number | 10,00,000 | | 10,00,000 |
| | Total | | | | 37,40,000 |
| | GST 19% | | | | 710600 |
| | Grand Total | | | | 44,50,600 |

എസ്റ്റിമേറ്റ് ക്രമ നമ്പർ 1,2, എന്നിവക്ക് മേൽ ഉത്തരവ് പ്രകാരം സർക്കാർ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ അഡീഷണൽ ഫീച്ചേഴ്സിൽ ഉൾപ്പെടുത്തിയ ഡ്രോൺ സർവ്വേ, ജി ഐ. എസ് പോർട്ടൽ എന്നിവയുടെ നിരക്ക് ഉത്തരവിൽ ഇല്ലാതിരിക്കെ പ്രസ്തുത ഇനങ്ങൾക്ക് നിരക്ക് നിശ്ചയിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

3- ഊരാളുങ്കൽ സൊസൈറ്റിക്ക് ₹13,35,180 2019-20 സാമ്പത്തിക വർഷം അനുവദിക്കുകയും 2020-21 സാമ്പത്തിക വർഷം ₹30,78,020 ബിൽ നമ്പർ 42/27-03-2021 പ്രകാരം പിൻവലിച്ച് 14,00,000 രൂപ റീടെൻഷനായി ഈടാക്കി

16,78,020 രൂപ സൊസൈറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. റീടെൻഷനായി ഈടാക്കിയ തുകയിൽ നിന്ന് 10,00,000 രൂപ (414/23-09-2021) പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇത് പ്രകാരം സൊസൈറ്റിക്ക് ആകെ 40,13,200 രൂപ നൽകിയിട്ടുണ്ട്. ഇതിന്റെ 2% ആദായ നികുതി, 2% ജി എസ് ടി എന്നിവ ഈടക്കേണ്ടതായിരുന്നു. എന്നാൽ ഫയൽ പരിശോധിച്ചതിൽ 74,800 രൂപ മാത്രമാണ് ആദായ നികുതി ഈടാക്കിയത്. ആദായ നികുതി ജി എസ് ടി എന്നിവ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE-36/2020-21 Dated : 31-12-2021) മറുപടി നൽകിയിട്ടില്ല.

## 1-23 ഓഫീസ് സ്റ്റേഷനറി വാങ്ങൽ- നടപടിക്രമങ്ങളിലെ അപാകങ്ങൾ

ഫയൽ നമ്പർ ജി 4- 12707/2016

വൗച്ചർ നമ്പർ 257/12-08-2020 ₹2184

നഗരസഭ ഓഫീസിലേക്ക് 2020 വർഷത്തേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ, അപേക്ഷകൾ, ഫോറങ്ങൾ എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ വിളിക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ചന്ദ്രിക ദിനപത്രത്തിൽ പരസ്യം കൊടുക്കുന്നതിന് 2184 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1. തദ്ദേശ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി)259/2010/ ത.സ്വ.ഭ.വ. തീയതി 08-11-2010 പ്രകാരം മതിപ്പുവില 5000 ൽ കൂടുതലും 50000 ൽ താഴെയും ഉള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയും 50000 ൽ കൂടുതലും 100000 ൽ താഴെയും ഉള്ള വാങ്ങലുകൾ ലിമിറ്റഡ് ടെണ്ടർ മുഖേനയും 100000 ന് മുകളിലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ മുഖേനയുമാണ് നടത്തേണ്ടത്. നഗരസഭ വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും യൂണിറ്റ് നിരക്ക് കണക്കാക്കി വില നിശ്ചയിക്കാത്തത് കാരണം ഏത് നടപടി ക്രമങ്ങൾ പാലിച്ചാണ് സാധനങ്ങൾ സമാഹരിക്കേണ്ടതെന്ന് വ്യക്തതയില്ല. നഗരസഭ ക്വട്ടേഷൻ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത തുക 100000 ന് മുകളിലാണ്. ഇത്തരം വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

2. ക്വട്ടേഷൻ ക്ഷണിച്ച് പത്രപരസ്യം കൊടുത്ത് വിവിധ സ്ഥാപനങ്ങളിൽ നിന്ന് ക്വാട്ട് ചെയ്ത തുക ലഭിച്ചതിന് ശേഷം പ്രോക്യൂയർമെന്റ് കമ്മിറ്റിയുടെ 17-03-2020 ലെ നാലാം നമ്പർ തീരുമാന പ്രകാരം ക്വട്ടേഷൻ ഒഴിവാക്കി സാധനങ്ങൾ ത്രിവേണിയിൽ നിന്നും, ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നുമായി നേരിട്ട് വാങ്ങിക്കാൻ തീരുമാനിക്കുകയും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

സാധനങ്ങൾ ത്രിവേണിയിൽ നിന്നും, ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നുമായി നേരിട്ട് വാങ്ങിക്കാൻ സാധിക്കുമെന്നിരിക്കെ ആയത് പരിഗണിക്കാതെ ക്വട്ടേഷൻ വിളിച്ച് പത്രപരസ്യത്തിന് തുക ചെലവഴിച്ചതിനും, പ്രോക്യൂർമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്തതിനും മറുപടി നൽകുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE-17/2020-21 Dated : 20-12-2021) അപാകങ്ങൾ ആവർത്തിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുമാണ്.

## 1-24 ഔദ്യോഗിക ആവശ്യത്തിനല്ലാതെ നഗരസഭ സെക്രട്ടറി വാഹനം ഉപയോഗിച്ചത്- സംബന്ധിച്ച്

നഗരസഭ വാഹനമായ KL-59-T5536, KL 59-H-6458 എന്നീ വാഹനങ്ങളുടെ ലോഗ് ബുക്ക് പരിശോധിച്ചതിൽ സെക്രട്ടറി യാത്ര ഉദ്ദേശം രേഖപ്പെടുത്താതെ ദീർഘദൂരയാത്രകൾ നടത്തിയതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| യാത്രാ തീയതി | പുറപ്പെട്ട സ്ഥലം | പോയ സ്ഥലം | യാത്ര ചെയ്ത ദൂരം | ലോഗ് ബുക്ക് പേജ് നമ്പർ |
|---|---|---|---|---|
| 23-11-2020 | നഗരസഭ ഓഫീസ് | വടകര | 154 | 30 |
| 30-11-2020 | നഗരസഭ ഓഫീസ് | പയ്യോളി | 176 | 32 |
| 28-12-2020 | നഗരസഭ ഓഫീസ് | പയ്യോളി | 166 | 38 |
| 01-01-2021 | നഗരസഭ ഓഫീസ് | പയ്യോളി | 166 | 40 |
| 11-01-2021 | നഗരസഭ ഓഫീസ് | പയ്യോളി | 170 | 42 |
| 21-03-2020 | നഗരസഭ ഓഫീസ് | കോഴിക്കോട് | 262 | 60 |

| | | | | |
|---|---|---|---|---|
| KL 59-H-6458 | | | | |
| 23-03-2020<br>KL 59-H-6458 | നഗരസഭ ഓഫീസ് | വടകര | 138 | 61 |

2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ ചട്ടം 5 പ്രകാരം മുനിസിപാലിറ്റിയുടെ വാഹനങ്ങൾ ഔദ്യോഗിക ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളുയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഔദ്യോഗിക ആവശ്യമൊന്നും രേഖപ്പെടുത്താതെ നടത്തിയ യാത്രകൾ കാരണം നഗരസഭക്കുണ്ടായ ചെലവ് ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 കാട്ടിയിട റോഡ് വശങ്ങളിൽ കോൺക്രീറ്റ്-ടെണ്ടർ വ്യതിയാനം,ജി എസ് ടി -ടി ഡി എസ് എന്നിവ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല-64205 രൂപ കരാറുകാരന് അധികം നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | ഇ-1-6427/2020 |
| പ്രൊജക്റ്റ് നമ്പർ | SO 44/21 |
| പ്രൊജക്റ്റിന്റെ പേര് | കാട്ടിയിട റോഡ് വശങ്ങളിൽ കോൺക്രീറ്റ് |
| അടങ്കൽ | വികസനഫണ്ട്-(ധനകാര്യകമ്മീഷൻ അവാർഡ്)-4,00,000 |
| ആകെ പ്രവൃത്തിമൂല്യം | 3,35,096 |
| ആകെ ചെലവ് തുക ( Gross Amount) | 3,75,308 രൂപ |
| കരാറുകാരന് നൽകിയ തുക -Net Amount (K.C.W.W.F -3754/-,IT- 3754/-എന്നീ ഇനങ്ങൾ റിക്കവറി നടത്തിയതിന് ശേഷം) | 3,67,800 |
| വൗച്ചർ നമ്പർ,തീയതി/ തുക | 239/20-21<br>തീയതി 15-02-2021 |
| കരാറുകാരന്റെ പേര് | രഞ്ജിത്ത്.എം.വി |
| ക്വാട്ട് ചെയ്ത നിരക്ക് | 15.6% Below Estimate Rate |
| എം.ബുക്ക് നമ്പർ | 255/2019-20 |
| എഗ്രിമെന്റ് നമ്പർ | E-97/2020-21<br>തീയതി 14-10-2020 |

പ്രസ്തുത പ്രവൃത്തി ശ്രീ രഞ്ജിത്ത്.എം.വി 15.6% Below Estimate Rate നിരക്കിലാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ആകെ പ്രവൃത്തി മൂല്യത്തിൽ (3,35,096/-) നിന്നും 15.6% കുറവ് ചെയ്യാതെയും ജി എസ് ടി 2% ടി ഡി എസ് കുറവ് ചെയ്യാതെയും തുക അനുവദിച്ചതിനാൽ 64205/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| Value Of Work Done | 335096 | 335096 | - |
| Deduct 15.6% Tender Below | 0 | 52275 | |
| Total | 335096 | 282821 | |

| | | | |
|---|---|---|---|
| Add 12% GSTCompensation | 40212 | 33938 | |
| Total | 375308 | 316759 | |
| Deduct GST 2% | 0 | 5656 | |
| ആകെ | 375308 | 311103 | 64205 (3,75,308-3,11,103) |

കരാറുകാരന് അധികം നൽകിയ 64205 രൂപ ഈടാക്കേണ്ടതാണ്.

## 1-26 പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണം.-കരാർ നൽകിയ സ്ഥാപനത്തിന് 18779 രൂപ അധികം നൽകി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | E-1/21422/18 |
| പ്രൊജക്ട് നമ്പർ | SO 279/20,SO 302/21 |
| പ്രൊജക്ടിന്റെ പേര് | പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണം. |
| അടങ്കൽ | കേന്ദ്രാവിഷ്കൃതഫണ്ട് (സ്വച്ഛ് ഭാരത് അഭിയാൻ)-1698684<br>തനത് ഫണ്ട്-840000<br>ആകെ -2538684 |
| പ്രവൃത്തിമൂല്യം | 1877832 |
| ചെലവ് തുക | 1877832 |
| വൗച്ചർ നമ്പർ,തീയതി/ തുക | 87/2019-20<br>തീയതി 10-10-2019-1104452<br>102/2020-21<br>തീയതി 22-07-2020-773380 |
| കരാറുകാരന്റെ പേര് | രാമകൃഷ്ണ ബിൽഡേർസ്. |
| ക്വാട്ട് ചെയ്ത നിരക്ക് | 2437809.90 (ഐറ്റം റേറ്റ്) |
| എം.ബുക്ക് നമ്പർ | 90/18-19,120/18-19,121/18-19 |
| എഗ്രിമെന്റ് നമ്പർ / തീയതി | E-157/18-19 തീയതി 15-01-2019 |
| സാങ്കേതികാനുമതി നമ്പർ/ തീയതി<br>തുക | 90274/2018-19<br>24,80,000 |

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് രണ്ട് ശതമാനം നിരക്കിലുമാണ്. നിർമ്മാണ കമ്പനിയാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് എന്നതിനാൽ മേൽ പ്രവൃത്തിയിൽ നിന്ന് ആകെ പ്രവർത്തിമൂല്യത്തിന്റെ 2% നിരക്കിൽ (₹1877832x 2%) ₹37557ആദായ നികുതി ഈടാക്കുന്നതിന് പകരം ₹18779/- മാത്രമാണ് ഈടാക്കിയത്. ഇത് കാരണം ₹18778 കരാർ നൽകിയ സ്ഥാപനത്തിന് അധികം നല്കിയിട്ടുണ്ട്. ആദായ നികുതി ഇനത്തിൽ ഈടാക്കുന്നതിൽ കുറവ് വന്ന ₹18779 തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## 1-27 കുബ്ലോർ റോഡ് റീ ടാറിംഗ്-കരാറുകാരന് 6017/- രൂപ അധികം നൽകി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

| | |
|---|---|
| ഫയൽ നമ്പർ | E-1/9765/19 |
| പ്രൊജക്റ്റ് നമ്പർ | 337/21 |
| പ്രൊജക്റ്റിന്റെ പേര് | കുബ്ലോർ റോഡ് റീ ടാറിംഗ് |
| അടങ്കൽ | മെയിനന്റൻസ് ഫണ്ട്<br>നോൺ റോഡ്-618350 |
| പ്രവൃത്തിമൂല്യം | 601720 |
| ചെലവ് തുക | മെയിനന്റൻസ് ഫണ്ട്<br>നോൺ റോഡ്-601720 |
| വൗച്ചർ നമ്പർ,തീയതി/ തുക | 212/19-20തീയതി ഇല്ല.<br>(ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയത് പ്രകാരം)<br>ക്യൂ ബിൽ-2019-20<br>(2020-21 വർഷത്തിൽ ബിൽ തുക നൽകി) |
| കരാറുകാരന്റെ പേര് | പട്ടുവം കൺസ്ട്രക്ഷൻസ് |
| ക്വാട്ട് ചെയ്ത നിരക്ക് | 552099.15 (ഐറ്റം റേറ്റ്) |
| എം.ബുക്ക് നമ്പർ | 101/2019-20 |
| എഗ്രിമെന്റ് നമ്പർ / തീയതി | E-92/2019-20 തീയതി 09-01-2020 |
| സാങ്കേതികാനുമതി നമ്പർ/ തീയതി/തുക | 33502/2019-20<br>670000 |

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികമായുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് രണ്ട് ശതമാനം നിരക്കിലുമാണ്. മേൽ പ്രവൃത്തിയിൽ നിന്ന് ആകെ പ്രവർത്തിമൂല്യത്തിന്റെ 2% നിരക്കിൽ (₹601720x 2%) ₹12034 ആദായ നികുതി ഈടാക്കുന്നതിന് പകരം ₹6017/-മാത്രമാണ് ഈടാക്കിയത്. ഇത് കാരണം ₹6017 കരാറുകാരന് അധികം നല്കിയിട്ടുണ്ട്. ആദായ നികുതി ഇനത്തിൽ ഈടാക്കുന്നതിൽ കുറവ് വന്ന ₹6017 തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## 1-28 റോഡ് നിർമ്മാണപ്രവൃത്തികൾക്ക് വേണ്ടി നഗരസഭഫണ്ട് ചെലവഴിച്ച് വാങ്ങിയ ബിറ്റുമിൻ വില ബില്ലിൽ നിന്നും കുറവ് ചെയ്ത് നഗരസഭഫണ്ടിൽ ക്രെഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2020-21 വാർഷികപദ്ധതിയുടെ ഭാഗമായി മുഴവൻ റോഡ് ടാറിംഗ് പ്രോജക്ടുകൾക്കും ആവശ്യമായ ബിറ്റുമിൻ നഗരസഭ വാങ്ങി കരാറുകാർക്ക് നൽകുകയാണ് ചെയ്തത്. വികസനഫണ്ട്, മെയിനന്റൻസ് ഫണ്ട് (റോഡ്) വകയിരുത്തിയ പ്രോജക്ടുകൾക്കും പ്രസ്തുതഫണ്ടിൽ നിന്ന് തുക ചെലവഴിക്കാതെ മുനിസിപ്പൽ ഫണ്ട് ചെലവഴിച്ചാണ് ആവശ്യമായ ബിറ്റുമിൻ സിഡ്കോയിൽ നിന്നും മുൻകൂറായി വാങ്ങിയത്. പ്രോജക്ട് പൂർത്തിയാക്കി കരാറുകാർക്ക് ബിൽ തുക അനുവദിക്കുമ്പോൾ വികസനഫണ്ട്,മെയിനന്റൻസ് ഫണ്ട് (റോഡ്) എന്നീ ഫണ്ടുകൾ വകയിരുത്തിയ പ്രോജക്ടുകളിലെ ബിറ്റുമിന്റെ യഥാർത്ഥ വില (ട്രാൻസ്പോർട്ടേഷൻ, അൺലോഡിംഗ് ഉൾപ്പെടെ) ബില്ലിൽ നിന്നും കുറവ് ചെയ്താണ് കരാറുകാർക്ക് തുക അനുവദിക്കുന്നത്. ഇപ്രകാരം വികസനഫണ്ട്, മെയിനന്റൻസ് ഫണ്ട് (റോഡ്) വകയിരുത്തിയ പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യുന്ന ബിറ്റുമിന്റെ വില മുനിസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്കിലെ 4804000100001398 (PNB Own Fund,Code-450210300) നമ്പർ അക്കൗണ്ടിലേക്കാണ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നത്. തൻവർഷം ബിറ്റുമിൻ വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| വൗച്ചർ നമ്പർ/ തീയതി | തുക | സിഡ്കോയിൽ നിന്നും ലഭിച്ച ബിറ്റുമിന്റെ ആകെ വില | സിഡ്കോയിൽ നിന്നും ലഭിക്കുവാൻ ബാക്കിയുള്ള തുക | സിഡ്കോക്ക് നൽകുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 63/13-05-2020 | 7,68,329 | | | |
| 771/06-02-2021 | 48,63,058 | | | |
| 889/10-03-2021 | 34,50,845 | | | |
| 926/20-03-2021 | 11,72,328 | | | |
| ആകെ | 10254560 | 1,13,74,926 | 2,31,725 | 8,88,641 |

റോഡ് ടാറിംഗ് പ്രോജക്ടുകളിൽ ഭൂരിഭാഗവും വികസനഫണ്ട്,മെയിനന്റൻസ് ഫണ്ട് (റോഡ്) എന്നീ ഫണ്ടുകൾ വകയിരുത്തി നടപ്പിലാക്കിയതാണ്. അതുകൊണ്ടുതന്നെ വികസനഫണ്ട്,മെയിനന്റൻസ് ഫണ്ട് (റോഡ്) എന്നീ ഫണ്ടുകൾ വകയിരുത്തിയ പ്രോജക്ടുകളിൽ നിന്നും കുറവ് ചെയ്യുന്ന ബിറ്റുമിൻ വില, മുനിസിപ്പൽ ഫണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതായി ഉറപ്പുവരുത്തേണ്ടതുണ്ട്. ആയത് നിരീക്ഷിക്കുന്നതിനായി ഇത് സംബന്ധിച്ച വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ അതാത് പ്രോജക്ടുകളിൽ പ്രസ്തുതവിവരങ്ങൾ രേഖപ്പെടുത്തുകയോ ചെയ്യേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ബിറ്റുമിൻ വിലയിനത്തിൽ നഗരസഭ ഫണ്ടിലേക്ക് ലഭിക്കേണ്ട തുക, ലഭിച്ച തുക, ലഭിക്കുവാൻ ബാക്കിയുള്ള തുക എന്നിവ സംബന്ധിച്ച് പരിശോധന നടത്തുവാൻ സാധിക്കാത്ത സ്ഥിതിയാണ്. വാർഷികകണക്കുകൾ പ്രകാരം SALE OF STORES (150120100) ഇനത്തിൽ ആകെ വരവ് 1,01,93,447 രൂപ മാത്രമാണ്. (2019-20 ലെ സ്പിൽ ഓവർ പ്രോജക്ടുകളിലെ ബിറ്റുമിൻ വില ഇനത്തിലെ വരവ് കൂടി 2020-21 വർഷത്തിൽ പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതിനാൽ ഒരു സാമ്പത്തികവർഷത്തെ കൃത്യമായ കണക്കുകൾ തിട്ടപ്പെടുത്തുവാൻ സാധിക്കുന്നില്ല). ആയതിനാൽ 2020-21 വർഷത്തെ ഈയിനത്തിലെ സ്ഥിതി വിവരകണക്കുകൾ പ്രോജക്ട് അടിസ്ഥാനത്തിൽ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-29 ജി.എസ്.ടി. കോമ്പൻസേഷൻ നൽകിയത് - കരാറുകാരൻ ജിഎസ്.ടി അടച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല

കേരള സർക്കാരിന്റെ സർക്കുലർ നമ്പർ 18/19 ധനം . തീ 1/3/19 ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് GST ഉൾപ്പെടാതെയുള്ള തുകയ്ക്ക് എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കുകയും, ചെയ്ത പ്രവൃത്തിയുടെ മൂല്യത്തിന്റെ കൂടെ GST നിരക്ക് കൂട്ടുകയും മൊത്തം തുക കരാറുകാരന് നല്കുകയും ചെയ്യുന്നു. GST ഉൾപ്പെടാതെ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് 50/18 തീ 13/9/2018 GST നോട്ടിഫിക്കേഷൻ പ്രകാരം 2% TDS കുറവ് ചെയ്യുകയും ആയതിന് റിട്ടേൺ സമർപ്പിക്കുകയും ചെയ്യുന്നു.ഇപ്രകാരം നഗരസഭ ഫണ്ടിൽ നിന്നും GST ഇനത്തിൽ 2,50,000 ൽ കൂടുതൽ മൂല്യം വരുന്ന പ്രവൃത്തികൾക്ക് നല്കുന്ന തുകയുടെ വിവരം GST വകുപ്പിലേക്ക് എത്തുകയും നികുതി അസ്സസ്സ്മെന്റിന് കരാറുകാരൻ വിധേയനാകുകയും ചെയ്യുന്നു.

പ്രവൃത്തിമൂല്യം 2,50,000 രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് TDS ബാധകമാക്കാത്തതിനാൽ റിട്ടേൺ സമർപ്പിക്കേണ്ടതില്ല. എന്നാൽ GST ഇനത്തിൽ ഈ പ്രവൃത്തികൾക്ക് നഗരസഭ ഫണ്ടിൽ നിന്ന് തുക നല്കേണ്ടതുമുണ്ട്. നഗരസഭ ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കുന്ന തുക നികുതി അസ്സസ്സ്മെന്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുണ്ട്.GST നിയമം 2017 വകുപ്പ് 31(2) പ്രകാരം എല്ലാ നികുതി ബാധകമായ സേവനങ്ങൾക്കും സേവനത്തിന്റെ മൂല്യം, നികുതി എന്നിവയും മറ്റ് വിവരങ്ങളും ഉൾക്കൊള്ളിച്ച് സേവന ദാതാവ് ഇൻവോയ്സ് നല്കേണ്ടതുണ്ട്. ഈ ഇൻവോയ്സ് നികുതി അസസ്സ്മെന്റ് ഉറപ്പ് വരുത്തുന്നു.

നഗരസഭ, കരാറുകാർക്ക് (സേവനദാതാവിന്) നല്കുന്ന തുകക്ക് നിലവിൽ ഇൻവോയ്സ് ലഭ്യമാക്കാത്തതിനാൽ നഗരസഭ 2020-21വർഷത്തിൽ നടപ്പാക്കിയതും 2,50,000 രൂപയിൽ താഴെ മൂല്യമുള്ളതുമായ പ്രവൃത്തികൾക്ക് നഗരസഭ ഫണ്ടിൽ നിന്ന് GST ഇനത്തിൽ നല്കിയ തുക സർക്കാരിലേക്ക് അടവാക്കിയോ എന്ന് ഉറപ്പ് വരുത്താനാകുന്നില്ല.

2020-21വർഷത്തിൽ നടപ്പാക്കിയതും GST കണക്കാക്കുന്നതിന് മുമ്പ് 2,50,000 രൂപയിൽ കുറവ് മൂല്യമുള്ളതും GST ഇനത്തിൽ കരാറുകാർക്ക് തുക നല്കിയതുമായ പ്രവൃത്തികൾക്കുള്ള ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് പേര് ,നമ്പർ | എം.ബുക്ക് നമ്പർ | വൗച്ചർ നമ്പർ | ജി.എസ്. ടി ഉൾപ്പെടെ ആകെ പ്രവൃത്തിമൂല്യം | ജി.എസ് ടി തുക | കരാറുകാരന്റെ പേര് |
|---|---|---|---|---|---|---|
| 1 | ടാഗോർ വിദ്യാനികേതൻ മതിൽ | 168/2019-20 | 168/19-11-20 | 193218 | 20702 | സി.നാരായണൻ |

| | | | | | | |
|---|---|---|---|---|---|---|
| | നിർമ്മാണം (പ്രോ.നം.407/21) | | | | | |
| 2 | ഗാലക്സി റോഡ് റീ ടാറിംഗ് (പ്രോ.നം.409/21) | 164/2019-20 | 100/22-07-20 | 211136 | 22622 | അബൂബക്കർ സിദ്ദീഖ് |
| 3 | സി എച്ച് റോഡ് ഞാറ്റുവയൽ റോഡ് റീ ടാറിംഗ് (പ്രോ.നം.423/21) | 24/2020-21 | 423/30-03-21 | 172203 | 68715 | വി.സന്തോഷ് കുമാർ |
| 4 | ഞാറ്റുവയൽ കിലത്ത് വീട് ഫൂട്ട് പാത്ത് കോൺക്രീറ്റ് (പ്രോ.നം.444/21) | 176/2019-20 | 165/19-11-20 | 114588 | 12277 | രഞ്ജിത്ത് എം.വി |

മേൽ പട്ടികയിൽ പരാമർശിച്ച പ്രവൃത്തികൾ ഉൾപ്പെടെ 2,50,000 രൂപയിൽ താഴെ മൂല്യമുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്ക് കരാറുകാർ 2020-21 വർഷത്തിൽ ഇൻവോയ്സ് തയ്യാറാക്കിയിട്ടുണ്ടാവും. ആ ഇൻവോയ്സ്/അല്ലെങ്കിൽ അതിന്റെ പകർപ്പ് /അല്ലെങ്കിൽ ഈ തുക കരാറുകാരുടെ ഔട്ട്പുട്ട് ടാക്സിൽ ഉൾപ്പെടുത്തി റിട്ടേൺ സമർപ്പിച്ച എന്നതിന് തെളിവ് കരാറുകാരിൽ നിന്ന് വാങ്ങി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ-ഫിസിയോ തെറാപ്പിസ്റ്റിന് അധിക വേതനം നൽകി.₹44000 തടസ്സപ്പെടുത്തുന്നു

എ)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ തളിപ്പറമ്പ് |
| പ്രോജക്ട് നം | 149/2020-21 |
| പ്രോജക്ടിന്റെ പേര് | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ |
| അടങ്കൽ | 9,07,600 വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | 8,02,457 |
| ബിൽ നം/തിയതി | 1/2020-21 Dt 8.6.20 48800<br>3/2020-21 Dt 26.6.20 48050<br>5/2020-21 Dt 14.7.20 50084<br>8/2020-21 Dt 12.8.20 56500 |

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ സ.ഉ.(സാധാ)നം.553/2019/തസ്വഭവ തി:07.03.2019 ഖ.2.14 പ്രകാരം സി.എച്ച്.സി വഴിയുള്ള ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കാൻ കഴിയുന്നില്ലെങ്കിൽ ബാച്ചിലർ ഓഫ് ഫിസിയോതെറാപ്പി പാസായിട്ടുള്ള ഒരാളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ഒരു മാസം ഒരു ദിവസം ഗൃഹസന്ദർശനം എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വർഷത്തിൽ പരമാവധി 20 ദിവസത്തെ സേവനം ഉപയോഗപ്പെടുത്തി ഒരു ദിവസത്തിന് ₹800 നിരക്കിൽ പാലിയേറ്റീവ് കെയർ പ്രൊജക്ടിൽ നിന്നും ദിവസ വേതനം നൽകാവുന്നതാണ്. ആയത് പ്രകാരം പ്രസ്തുത സേവനത്തിന് ഒരു വർഷം നൽകാവുന്ന പരമാവധി തുക ₹16,000 ആണ്. ഇതിനു വിരുദ്ധമായി പ്രതിമാസം ₹12,000 രൂപ നിരക്കിലാണ് വേതനം നൽകുന്നത്. 2020 ജൂലൈ വരെ ഫിസിയോതെറാപ്പിസ്റ്റായി സേവനം അനുഷ്ഠിച്ച കാവ്യ കുഞ്ഞിക്കണ്ണൻ എന്നവർക്ക് നൽകിയ തുക ചുവടെ ചേർക്കുന്നു.

| ഫിസിയോ തെറാപ്പിസ്റ്റിന്റെ പേര് | സേവനം നൽകിയ മാസം | ഹോണറേറിയം ഇനത്തിൽ അനുവദിച്ച തുക | ബിൽ നം./ തിയതി | ഹോണറേറിയം ഇനത്തിൽ ഒരു വർഷം അനുവദിക്കാവുന്ന പരമാവധി തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| കാവ്യ കുഞ്ഞിക്കണ്ണൻ | ഏപ്രിൽ/2020 | 12000 | 1/2020-21 Dt 8.6.20 | | |
| കാവ്യ കുഞ്ഞിക്കണ്ണൻ | മെയ്/2020 | 12000 | 3/2020-21 Dt 26.6.20 | | |
| കാവ്യ കുഞ്ഞിക്കണ്ണൻ | ജൂൺ/2020 | 12000 | 5/2020-21 Dt 14.7.20 | 16000 | 32000 |
| കാവ്യ കുഞ്ഞിക്കണ്ണൻ | ജൂലൈ/2020 | 12000 | 8/2020-21 Dt 12.8.20 | | |
| | ആകെ | 48000 | | | |

അധികമായി തുക അനുവദിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (23/22.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി)

| | |
|---|---|
| പ്രോജക്ട് നം | 205/2020-21(Spill Over) |
| പ്രോജക്ടിന്റെ പേര് | പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ |
| അടങ്കൽ | 157393 വികസന ഫണ്ട്(പൊതു വിഭാഗം) |
| ചെലവ് | 150000 |
| ബിൽ നം/തിയതി | 27/2019-20 Dt 20.5.20 60999 |

2020 മാർച്ച് മാസം ഫിസിയോതെറാപ്പിസ്റ്റായി സേവനം അനുഷ്ഠിച്ച കാവ്യ കുഞ്ഞിക്കണ്ണൻ എന്നവർക്ക് നൽകിയ തുക ചുവടെ ചേർക്കുന്നു.

| | | | | |
|---|---|---|---|---|
| കാവ്യ കുഞ്ഞിക്കണ്ണൻ | മാർച്ച്/2020 | 12000 | 27/2019-20 Dt 20.5.20 | റിമാർക്സ്- 2019-20 വർഷത്തെ തുക തൻവർഷം അനുവദിച്ചത് |

അധികമായി അനുവദിച്ച ₹12000 ക്രമപ്രകാരമല്ല. അധികമായി തുക അനുവദിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (23/22.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായി ഫിസിയോ തെറാപ്പിസ്റ്റ് വേതനമിനത്തിലെ 44000/- രൂപയുടെ (32000 + 12000) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 കന്നുകുട്ടി പരിപാലന പദ്ധതി- പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : വെറ്ററിനറി സർജൻ |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | : കന്നുകുട്ടി പരിപാലനം |
| പ്രൊജക്റ്റ് നമ്പർ | :134/21 |
| അടങ്കൽ<br>ആകെ | :₹156250 വികസനഫണ്ട്<br>:₹6250 തനത് ഫണ്ട്<br>₹162500മറ്റുള്ളവ<br>₹325000 |
| ചെലവ് തുക, ബിൽ നമ്പർ/ചെക്ക് നം, തീയതി<br>ആകെ | :₹156250, 6/20-21, 24.12.2020<br>₹6250, 192570/22.01.2021<br>₹162500 |

കന്നുകുട്ടികൾ ഉള്ള 13 ഗുണഭോക്താക്കൾക്ക് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനുള്ളതാണ് മേൽ പ്രോജക്റ്റ് . ഇതിനായി 162500/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഈ പ്രോജക്ടിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത് തളിപ്പറമ്പ് ക്ഷീരസംഘത്തിൽ നിന്നാണ്. ഓരോ പദ്ധതി വർഷത്തിലും ഈയിനത്തിൽ ഗുണഭോക്താക്കൾക്കു വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ അളവ്,ഗുണനിലവാരം എന്നിവ കൃത്യമായ മോണിറ്ററിംഗിന് വിധേയമാക്കേണ്ടതാണ്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുമ്പോൾ വിനിയോഗിച്ച തുക എൻറോൾമെന്റ് സമയത്ത് എസ്.എൽ.ബി.പിയിൽ ഒടുക്കിയ തുകയുമായി ഒത്തുനോക്കി കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. മുൻ വർഷങ്ങളിലെ തുക നീക്കിയിരിപ്പുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-32 ചിങ്കാരി മേളം വനിതാഗ്രൂപ്പ് പ്രോജക്ട്-പരിശീലനത്തിന്റെ രേഖകൾ ഹാജരാക്കിയില്ല- 40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ | 255/21 |
| പ്രോജക്ടിന്റെ പേര് | ചിങ്കാരി മേളം വനിതാഗ്രൂപ്പ് (SO) |
| അടങ്കൽ | ₹230000 വികസനഫണ്ട് |
| ചെലവ് തുക/ബിൽ നം/തീയതി<br>ആകെ | ₹58000 , 24/19-20, 20.05.2020<br>₹170550, 23/19-20,20.05.2020<br>₹228550 |

വനിതകളുടെ നേതൃത്വത്തിൽ ഒരു ഗ്രൂപ്പ് രൂപീകരിച്ച് അവർക്ക് ചിങ്കാരിമേളം പരിശീലനം നൽകുകയും വാദ്യോപകരണങ്ങൾ വാങ്ങി നൽകി പൊതുപരിപാടികളിലും മറ്റും അവതരിപ്പിച്ച് വരുമാനം നേടുന്നതിന് പ്രാപ്തരാക്കുക വഴി ഗ്രൂപ്പ് അംഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. വാദ്യോപകരണങ്ങൾ വാങ്ങൽ, അംഗങ്ങൾക്ക് യൂണിഫോം, വാദ്യോപകരണങ്ങളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രോജക്ടുമായി ബന്ധപ്പെട്ട നടത്തിയ പ്രവർത്തനങ്ങളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രവർത്തനം | രീതി | ചെലവിച്ച തുക |
|---|---|---|
| വാദ്യോപകരണങ്ങൾ വാങ്ങൽ | ടെണ്ടർ ക്ഷണിച്ച് | 170550 |
| പരിശീലനം | കൊട്ടേഷൻ ക്ഷണിച്ച് | 40000 |
| യൂണിഫോം | കൊട്ടേഷൻ ക്ഷണിച്ച് | 18000 |
| | ആകെ | 228550 |

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)വ്യക്തിഗത ഗ്രൂപ്പ് സംരംഭം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 പ്രകാരം വ്യക്തിഗത

ഗ്രൂപ്പ് സംരംഭങ്ങൾക്ക് അനുവദനീയമായ നിരക്കിലല്ല മേൽ പ്രോജക്ടിന് സബ്സിഡി അനുവദിച്ചിട്ടുള്ളത്.പ്രോജക്ടിന്റെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച മുഴുവൻ തുകയും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

B) വനിതാഗ്രൂപ്പിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളുടെ വിവരം, അംഗങ്ങളെ തെരഞ്ഞെടുത്ത രീതി എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

C) അംഗങ്ങൾക്ക് നൽകിയിട്ടുള്ള പരിശീലനം സംബന്ധിച്ച രേഖകൾ(എത്ര ദിവസം പരിശീലനം നൽകി, പരിശീലകന് വേതനം നിശ്ചയിച്ചതിന്റെ രേഖകൾ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

D) ഗ്രൂപ്പിന്റെ നിലവിലെ പ്രവർത്തനം , നാളിതുവരെ നടത്തിയിട്ടുള്ള പരിപാടികൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/17.12.2021) വനിതകൾക്ക് ഗ്രൂപ്പ് സംരംഭം എന്ന നിലയിലാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളതെന്നും പ്രോജക്ടിൽ വകയിരുത്തിയ തുക അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് വേണ്ടി മാത്രമാണ് എന്നും മറ്റു ചെലവുകൾ, ഗ്രൂപ്പ് നേരിട്ട് വഹിക്കുന്ന വിധത്തിലുമാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫോറത്തിൽ മറുപടിയിൽ പരാമർശിച്ച പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ, ഡിറ്റേൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. അംഗങ്ങൾക്ക് പരിശീലനം നൽകിയതിനായി 40000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരിശീലനം സംബന്ധിച്ച രേഖകൾ (എത്ര ദിവസം പരിശീലനം നൽകി, പരിശീലകന് വേതനം നിശ്ചയിച്ചതിന്റെ രേഖകൾ, പരിശീലനത്തിന് പങ്കെടുത്തവരുടെ വിവരങ്ങൾ) എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ പരിശീലനത്തിനായി ചെലവഴിച്ച 40000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 ചിങ്കാരി മേളം പ്രോജക്ട് - രേഖകൾ ലഭ്യമാക്കിയില്ല- ₹228550യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ | 254/21 |
| പ്രോജക്ടിന്റെ പേര് | ചിങ്കാരി മേളം (SO) |
| അടങ്കൽ | ₹258000<br>വികസനഫണ്ട് എസ്.സി.പി |
| ചെലവ്/ബിൽ നം/തുക<br>ആകെ | ₹170550 , 16/19-20,11.04.2020<br>₹58000, 25/19-20,20.05.2020<br>₹228550 |

ചിങ്കാരിമേള ഉപകരണങ്ങൾ വാങ്ങി വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുകയും വരുമാനം ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. വാദ്യോപകരണങ്ങൾ വാങ്ങൽ, അംഗങ്ങൾക്ക് യൂണിഫോം, വാദ്യോപകരങ്ങളുടെ പരിശീലനം എന്നീ പ്രവർത്തനങ്ങളാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രോജക്ടുമായി ബന്ധപ്പെട്ട നടത്തിയ പ്രവർത്തനങ്ങളുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| പ്രവർത്തനം | രീതി | ചെലവിച്ച തുക |
|---|---|---|
| വാദ്യോപകരണങ്ങൾ വാങ്ങൽ | ടെണ്ടർ ക്ഷണിച്ച് | 170550 |
| പരിശീലനം | കൊട്ടേഷൻ ക്ഷണിച്ച് | 40000 |
| യൂണിഫോം | കൊട്ടേഷൻ ക്ഷണിച്ച് | 18000 |
| | ആകെ | 228550 |

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)വ്യക്തിഗത ഗ്രൂപ്പ് സംരംഭം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 പ്രകാരം വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾക്ക് അനുവദനീയമായ നിരക്കിലല്ല മേൽ പ്രോജക്ടിന് സബ്സിഡി അനുവദിച്ചിട്ടുള്ളത്.പ്രോജക്ടിന്റെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച മുഴുവൻ തുകയും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

B) എസ്.സി.പി ഫണ്ട് ഉപയോഗിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. വനിതാഗ്രൂപ്പിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളുടെ വിവരം, അംഗങ്ങളെ തെരഞ്ഞെടുത്ത രീതി എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

C) അംഗങ്ങൾക്ക് നൽകിയിട്ടുള്ള പരിശീലനം സംബന്ധിച്ച രേഖകൾ(എത്ര ദിവസം പരിശീലനം നൽകി, പരിശീലകന് വേതനം നിശ്ചയിച്ചതിന്റെ രേഖകൾ) പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

D)ഗ്രൂപ്പിന്റെ നിലവിലെ പ്രവർത്തനം , നാളിതുവരെ നടത്തിയിട്ടുള്ള പരിപാടികൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/18.12.2021) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ചിങ്കാരിമേളം പരിശീലനം നൽകുകയും ചെണ്ട വാങ്ങുന്നതുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതെന്നും പദ്ധതിക്കാവശ്യമായ മറ്റ് ചെലവുകൾ, യാത്രാചെലവ് , വാഹനം എന്നിവ ഗ്രൂപ്പ് നേരിട്ട് വഹിക്കുന്നതിനും അടിസ്ഥാന സൗകര്യം നഗരസഭ വഹിക്കുന്ന വിധത്തിലുമാണ് പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫോറത്തിൽ മറുപടിയിൽ പരാമർശിച്ച പ്രകാരമുള്ള വിവരങ്ങൾ രേഖപ്പെടുത്തുകയോ, ഡിറ്റേൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ എസ്.സി.പി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ മേൽ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ എസ്.സി കാറ്റഗറിയിൽപ്പെട്ടവരാണെന്നതിന്റെ രേഖകൾ, അംഗങ്ങൾക്ക് പരിശീലനം നൽകിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഗ്രൂപ്പിന്റെ നിലവിലെ പ്രവർത്തനം , നാളിതുവരെ നടത്തിയിട്ടുള്ള പരിപാടികൾ എന്നിവ സംബന്ധിച്ചും കൃത്യമായ വിവരം ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ ₹228550 തടസ്സപ്പെടുത്തുന്നു. മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-34 വനിതാ ഗ്രൂപ്പ് - മീനും കൂട്ടും - അധിക സബ്സിഡി അനുവദനീയമല്ല -₹ 52227 യുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ,<br>നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ | 253/21 |
| പ്രോജക്ടിന്റെ പേര് | വനിതാ ഗ്രൂപ്പ്- മീനും കൂട്ടും (SO) |
| അടങ്കൽ<br><br>ആകെ | ₹360000<br>വികസനഫണ്ട് എസ്.സി.പി<br>₹25000 തനത് ഫണ്ട്<br>₹385000 |
| ചെലവ് തുക/ബിൽ നം/തീയതി | ₹348182 , 19/19-20,11.04.2020 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതാഗ്രൂപ്പുകൾക്ക് മീനും കൂട്ടും ലഭ്യമാക്കുന്നതിനുള്ളതാണ് മേൽ പ്രോജക്ട്.

പ്രോജക്ടിന്റെ ഭാഗമായി 7 അംഗങ്ങൾ വീതമുള്ള 2 വനിതാഗ്രൂപ്പുകൾ 7 വീതം മത്സ്യയൂണിറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രൂപ്പുകൾ സമർപ്പിച്ച ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രൂപ്പിന്റെ പേര് | മത്സ്യക്കൂട് വാങ്ങിയ വകയിൽ ചെലവായ തുക | മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങിയ വകയിൽ ചെലവായ തുക | മത്സ്യതീറ്റ വാങ്ങിയ വകയിൽ ചെലവായ തുക | കൂലി ച്ചെലവ് | ആകെ | അനുവദിക്കാവുന്ന സബ്സിഡി തുക (85%) | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|---|
| ഐശ്വര്യ മത്സ്യഗ്രൂപ്പ് | 50708 | 70000 | 35000 | 18200 | 173908 | 147822 | 26086 |
| സ്നേഹ മത്സ്യഗ്രൂപ്പ് | 51074 | 70000 | 35000 | 18200 | 174274 | 148133 | 26141 |
| | | | | ആകെ | 348182 | 295955 | 52227 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/17.12.2021) പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.4(4) പ്രകാരമാണ് (സ്വയം തൊഴിൽ (സ്ത്രീകളുടെ ഗ്രൂപ്പ്))പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് മറുപടി നൽകിയിയിട്ടുണ്ട്. ഖണ്ഡിക 6.4(4) പ്രകാരം ഒരു ഗ്രൂപ്പിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക 3 ലക്ഷമോ അല്ലെങ്കിൽ ചെലവ് തുകയുടെ 85 ശതമാനമോ ആണ്. എന്നാൽ ഇവിടെ ചെലവ് തുക മുഴുവനും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിച്ചത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികമായി അനുവദിച്ച ₹52227 യുടെ ചെലവ് നിരാകരിക്കുന്നു.

അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-35 കുടുംബശ്രീ വനിതാ തുണിസഞ്ചി നിർമ്മാണ യൂണിറ്റ്- പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതാണ്.

നഗരസഭയുടെ നിയന്ത്രണത്തിലുള്ള ലൈബ്രറി കെട്ടിടത്തിൽ കുടുംബശ്രീ അംഗങ്ങളായ 7 വനിതകൾ അടങ്ങുന്ന ഒരു ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വയം തൊഴിൽസംരംഭമാണ് കുടുംബശ്രീ വനിതാ തുണിസഞ്ചി നിർമ്മാണ യൂണിറ്റ്. യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി വിവിധ പ്രോജക്ടുകൾ മുഖേന തുക അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വർഷം | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അനുവദിച്ച തുക |
|---|---|---|---|
| 2019-20 | 249/21 | കുടുംബശ്രീ വനിതാ തുണിസഞ്ചി നിർമ്മാണ യൂണിറ്റ് | 137458 |
| 2020-21 | 486/21 | കുടുംബശ്രീ വനിതാ തുണിസഞ്ചി നിർമ്മാണ യൂണിറ്റിലേക്ക് അടിസ്ഥാന സൗകര്യം | 70000 |
| 2020-21 | 488/21 | കുടുംബശ്രീ വനിതാ തുണിസഞ്ചി നിർമ്മാണ യൂണിറ്റ് | 99740 |
| | | ആകെ | 307198 |

മേൽ പ്രോജക്ടുകൾ പ്രകാരം യൂണിറ്റിലേക്ക് ഫർണ്ണിച്ചർ, മെഷീനുകൾ, തുണികൾ എന്നിവ വാങ്ങിനൽകിയിട്ടുണ്ട്. കോവിഡ് കാലത്ത് മുനിസിപ്പാലിറ്റി പരിധിയിൽ വിതരണം നടത്തുന്നതിനാവശ്യമായ മാസ്കുകൾ ഈ യൂണിറ്റിൽ നിന്നാണ് നിർമ്മിച്ചിട്ടുള്ളത്.

യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച നിയമാവലി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും ഗ്രൂപ്പിന്റെ തുടർപ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.

## 1-36 ഹരിത വാടക ഗ്രൂപ്പ് -പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പ്രോജക്ട് നമ്പർ | 490/21 |
| പ്രോജക്ടിന്റെ പേര് | ഹരിത വാടകഗ്രൂപ്പ് (SO) |
| അടങ്കൽ | ₹200000 വികസനഫണ്ട് പൊതുവിഭാഗം |
| ചെലവ്/ബിൽ നം/തുക ആകെ | ₹97525 , 17/20-21, 30.03.2021<br>₹85000, 18/20-21, 31.03.2021<br>₹182525 |

ദാരിദ്ര്യലഘൂകരണം, നഗരസഭയിൽ ഗ്രീൻപ്രോട്ടോക്കോൾ നടപ്പാക്കുന്നതിന്റെ ഭാഗമായി പേപ്പർകപ്പ്, ഇല എന്നിവ ഒഴിവാക്കി സ്റ്റീൽ പാത്രങ്ങൾ നൽകുന്നതിലൂടെ മാലിന്യനിർമ്മാർജ്ജനം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് പ്രോജക്ടിന്റെ ലക്ഷ്യം. ആയതിനായി സ്റ്റീൽ ഗ്ലാസ്, സ്റ്റീൽ പ്ലേറ്റ്, ഫൈബർ പ്ലേറ്റുകൾ എന്നിവ വാങ്ങുന്നതിനാണ് ₹182525 വിനിയോഗിച്ചിട്ടുള്ളത്.

പ്രോജക്ടുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A)വ്യക്തിഗത ഗ്രൂപ്പ് സംരംഭം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി 14.02.2018 പ്രകാരമുള്ള വ്യക്തിഗത ഗ്രൂപ്പ് സംരംഭങ്ങൾക്ക് അനുവദനീയമായ നിരക്കിലല്ല മേൽ പ്രോജക്ടിന് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ചെലവായ തുക മുഴുവനും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

B) പ്രോജക്റ്റ് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ പ്രോജക്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വനിതാഗ്രൂപ്പുകളെ/വ്യക്തികളെ സംബന്ധിച്ച വിവരങ്ങൾ, ഗ്രൂപ്പുകൾക്ക് ഭരണസമിതി അംഗീകാരം നൽകിയത് സംബന്ധിച്ച വിവരങ്ങൾ ഉടങ്ങിയവ ഫയലിൽ ലഭ്യമല്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (6/18.12.2021) പ്ലാസ്റ്റിക് മുക്തനഗരസഭയെന്ന ലക്ഷ്യം കൈവരിക്കുക എന്ന ലക്ഷ്യത്തിനായി നഗരസഭയിലെ ഹരിതസേനാംഗങ്ങളായ വനിതകളുടെ ഗ്രൂപ്പിനെ ഉപയോഗപ്പെടുത്തിയാണ് സംരംഭം ആരംഭിച്ചിട്ടുള്ളതെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്റ്റിന്റെ ഭാഗമായി വാങ്ങിയ പാത്രങ്ങൾ ഹരിത സേനയെ ഏൽപ്പിക്കുകയോ ഗ്രൂപ്പിന്റെ പ്രവർത്തനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. പ്രോജക്റ്റിന്റെ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-37 പി.എം.എ.വൈ പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ

2020-21 വർഷം നടപ്പാക്കിയ പി.എം.എ.വൈ പ്രോജക്റ്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പ്രോജക്റ്റ് നമ്പർ | 18/21 |
| പ്രോജക്റ്റിന്റെ പേര് | പി.എം.എ.വൈ ലൈഫ് ഭവനപദ്ധതി |
| അടങ്കൽ | ₹94,79,400 വികസനഫണ്ട് പൊതുവിഭാഗം |
| ചെലവ് തുക, ബിൽ നം/തിയതി | ₹72,00,000, 8/26.11.2020<br>₹22,40,000, 10/04.01.2021 |
| ആകെ | ₹94,40,000 |

പി എം എ വൈ ഭവന നിർമ്മാണത്തിനായി 2020-21 വർഷം ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| കേന്ദ്രവിഹിതം | സംസ്ഥാന വിഹിതം | നഗരസഭാ വിഹിതം |
|---|---|---|
| 17823750 | 5941250 | 27920000 |

പ്രോജക്റ്റിൽ വികസനഫണ്ടിൽ നിന്നും ചെലവഴിച്ച തുക മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. മറ്റ് ഫണ്ടിനങ്ങൾ ഉൾപ്പെടുത്തുന്നില്ല. ഇത് സംബന്ധിച്ച് 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ചിട്ടില്ല. മേൽ അപാകം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-37-1 ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല

പി.എം.എ.വൈ. ഗുണഭോക്തൃ രജിസ്റ്റർ പ്രകാരം നഗരസഭയിൽ നടപ്പിലാക്കിയിട്ടുള്ള പി.എം.എ.വൈ. ഭവനപദ്ധതിയിൽ ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഘട്ടം/ആകെ ഗുണഭോക്താക്കൾ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | അനുവദിച്ച ഗഡുക്കൾ (തുക/തീയതി) | | |
|---|---|---|---|---|---|
| | | | ഒന്നാം ഗഡു | രണ്ടാം ഗഡു | മൂന്നാം ഗഡു |
| DPR 1/ 161 | ഇ കല്ല്യാണി | 30 | 30000/ 02.06.2017 | 120000/ 07.08.2017 | 120000/ 16.11.2017 |
| | ശാന്ത വിവി | 28 | 30000/ 16.06.2017 | | |
| | രാജീവൻ പി | 33 | 30000/ 28.06.2017 | 120000/ 21.08.2017 | 120000/ 13.03.2018 |
| | ലതിക കെ പി | 27 | 30000/ 10.07.2017 | 100000/ 29.04.2019 | 100000, 03.04.2021 |
| | പുഷ്പ ടി വി | 32 | 30000/ 10.07.2017 | | |
| | നാരായണൻ വി വി | 23 | 30000/ 23.04.2018 | 100000/ 13.08.2018 | 100000/ 06.09.2019 |

| | | | | | |
|---|---|---|---|---|---|
| | കല്ല്യാണി | 28 | 30000/ 30.04.2018 | 100000/ 20.07.2018 | 100000/ 21.11.2018 |
| | പ്രമീള പി | 2 | 25000/ 04.06.2018 | 100000/ 23.10.2018 | 100000/ 29.04.2019 |
| | രുഗ്മിണി കെ വി | 31 | 25000/ 05.07.2018 | 100000/ 22.01.2020 | |
| | സറീന കെ | 6 | 25000/ 05/07/2018 | 100000/ 13.11.2018 | |
| | തൈക്കണ്ടി ദേവകി | 27 | 25000/ 13.08.2018 | 100000/ 18.03.2019 | |
| | രമേശൻ എ വി | 29 | 25000/ 13.08.2018 | 100000/ 13.11.2018 | 100000/ 24.06.2019 |
| | ജയരാജൻ പി വി | 31 | 25000/ 13.08.2018 | | |
| DPR2,3 / 76 | ജയരാജൻ കെ | 34 | 30000/ 17.01.2018 | | |
| | രതീഷ് പി | 34 | 30000/ 13.03.2018 | 120000/ 30.04.2018 | 100000/ 05.07.2018 |
| | പ്രശാന്ത് കെ | 31 | 25000/ 04.06.2018 | 100000/ 30.04.2018 | 100000/ 25.09.2019 |
| | സജ്ന കെ വി | 30 | 25000/ 05.07.2018 | 100000/ 28.02,2019 | 100000/ 08.10.2021 |
| DPR 5/67 | റഷീദ കെ പി | 1 | 40000/ 06.05.2019 | 160000/ 20.07.2019 | 100000/ 12.05.2021 |
| | ബാലകൃഷ്ണൻ ഒ വി | 34 | 40000/ 06.05.2019 | 160000/ 20.07.2019 | 100000/ 18.02.2020 |
| | അബ്ദുള്ള സി | 12 | 40000/ 06.05.2019 | | |
| | സിന്ധു വി വി | 33 | 40000/ 06.05.2019 | 160000/ 01.02.2020 | 100000/ 17.02.2021 |
| | പ്രകാശൻ എം | 23 | 40000/ 06.05.2019 | 160000/ 05.07.2019 | 100000/ 22.01.2020 |
| | രാഗി കെ | 23 | 40000/ 06.05.2019 | 16000/ 05.07.2019 | 10000/ 22.01.2020 |
| | വൽസലവി വി | 33 | 40000/ 06.05.2019 | 160000/ 17.08.2021 | |
| | ബുഷ്റ.കെ.സി | 6 | 40000/ 06.05.2019 | 160000/ 17.08.2019 | 100000/ 01.07.2020 |
| | സത്യഭാമ പി | 30 | 40000/ 06.05.2019 | 160000/ 20.07.2019 | 100000/ 01.07.2020 |
| | അബ്ദുറഹിമാൻ പി പി | 6 | 40000/ 06.05.2019 | 160000/ 06.09.2019 | 100000/ 20.03.2021 |
| | രാജൻ എം വി | 27 | 40000/ 26.06.2019 | | |
| | അദീന മോൾ പി | 4 | 40000/ 02.08.2019 | 160000/ 22.01.2020 | 100000/ 05.01.2021 |
| | നന്ദകുമാർ എ വി | 19 | 40000/ | 160000/ | 100000/ |

| | | | | | |
|---|---|---|---|---|---|
| | | | 01.07.2020 | 01.07.2020 | 09.08.202 |

DPR 5ൽ രജിസ്റ്റർ പ്രകാരമുള്ള 94 ഗുണഭോക്താക്കളിൽ 74 ഗുണഭോക്താക്കളും മുഴുവൻ തുക കൈപ്പറ്റിയിട്ടില്ല. മേൽ ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും അനുവദിക്കാതിരുന്നതിന്റെ കാരണം, ഭവനനിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/23.12.2021) DPR 1 ലെ ശ്രീമതി പുഷ്പ , ശ്രീ ജയരാജൻ പി വി എന്നിവർ ഒന്നാം ഗഡു തുക കൈപ്പറ്റിയിട്ട് തറ നിർമ്മാണം പൂർത്തിയാക്കിയിരുന്നുവെന്നും എന്നാൽ അതിനുശേഷം NH റോഡ് അലൈൻമെന്റ് വന്നതിനാൽ പ്രസ്തുത സ്ഥലം വിട്ടുകൊടുക്കേണ്ടിവന്നതിനാൽ വീട്ടുപണിയുടെ തുടർ പ്രവർത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ലെന്നും സ്ഥലത്തിന്റെ നഷ്ടപരിഹാരതുക ലഭിച്ചാൽ നഗരസഭ അനുവദിച്ച തുക പലിശ സഹിതം തിരിച്ചടക്കുമെന്നും മേൽ ഗുണഭോക്താക്കൾ മറുപടി നൽകിയിട്ടുണ്ടെന്നും ബാക്കി ഗുണഭോക്താക്കളോട് നിർമ്മാണ പ്രവൃത്തി പെട്ടെന്ന് പൂർത്തിയാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനു വേണ്ട നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-38 ടാഗോർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ പരീക്ഷാ പരിശീലനത്തിന് ലഘുഭക്ഷണം അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി എം യു പി എസ്, തളിപ്പറമ്പ് |
| പ്രോജക്ട് നമ്പർ/പേര് | 479/21 ടാഗോർ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ പരീക്ഷാ പരിശീലനത്തിന് ലഘുഭക്ഷണം |
| അടങ്കൽ | ₹50,000 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹50,000 2/26-05-2020 |

പ്രോജക്ട് പ്രകാരം ടാഗോർ വിദ്യാനികേതൻ ജി എച്ച്.എസ്.എസിലെ പത്താം ക്ലാസിലെ 67 കുട്ടികൾക്ക് എസ്.എസ്.എൽ.സിക്ക് എല്ലാ വിഷയങ്ങൾക്കും A+ എന്ന ലക്ഷ്യം നേടുന്നതിനായി 01-01-2020 മുതൽ വൈകുന്നേരം 4 മണി മുതൽ 7 മണി വരെ പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ചായയും ലഘുഭക്ഷണവും കൊടുക്കുന്നതിനായി ഒരു വിദ്യാർത്ഥിക്ക് @20 പ്രകാരം 39 ദിവസത്തേക്ക് ₹52260 ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ₹50,000 നഗരസഭ വികസന ഫണ്ടിൽ നിന്നാണ് ചെലവഴിച്ചത്. പദ്ധതി മാർഗ്ഗരേഖ സ.ഉ. (കൈ)17/2018 /ത.സ്വ.ഭ.വ തീയതി 02-02-2018 ഖ. 7-7 ൽ വിദ്യാഭ്യാസ മേഖലയിൽ നടത്താവുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഖണ്ഡികയിൽ ഭക്ഷണ വിതരണം നടത്താവുന്ന ഇനങ്ങളെ കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ ലഘുഭക്ഷണ വിതരണത്തിനായി ₹50,000 ചെലവഴിച്ചതിന്റെ കാരണം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE-9/2020-21 Dated : 18-12-2021) സ്കൂളിൽ വളരെ പിന്നോക്കാവസ്ഥയിൽ നിന്ന് വരുന്ന വിദ്യാർത്ഥികളാണ് ഏറിയ പങ്കും വരുന്നതെന്നും, പി ടി എയുടെയും സ്കൂൾ അധികൃതരുടെയും ആവശ്യം പരിഗണിച്ചാണ് ഭക്ഷണ വിതരണം നടത്തിയതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ലഘുഭക്ഷണ വിതരണത്തിനായുള്ള ഫണ്ട് സ്പോൺസർഷിപ്പ് മുഖാന്തിരവും, പി ടി എ ഫണ്ടുപയോഗിച്ചും കണ്ടെത്തേണ്ടതാണ്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് വികസന ഫണ്ട് ചെലവഴിക്കേണ്ടതാണ്.

## 1-39 സ്കൂളുകൾക്കും ഗ്രന്ഥശാലകൾക്കും പത്രങ്ങളും മാസികകളും നൽകൽ അപാകങ്ങൾ ₹57000 ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ജി എം യു പി എസ്, തളിപ്പറമ്പ് |
| പ്രോജക്ട് നമ്പർ/പേര് | 204/21 സ്കൂളുകൾക്കും ഗ്രന്ഥശാലകൾക്കും പത്രങ്ങളും മാസികകളും നൽകൽ |
| അടങ്കൽ | ₹1,50,000 വികസനഫണ്ട് ജനറൽ |
| ചെലവ് ₹1,22,297 | ₹64,797 18/10-02-2020<br>₹57,500 (4/11-04-2020 എ.സി.ആർ. പ്രകാരം) |

മലയാള മനോരമ വായന കളരി സ്കീമിൽ ഉൾപ്പെടുത്തി വിവിധ സ്കൂളുകളിലേക്ക് 50 മലയാള മനോരമ പത്രം വിതരണം ചെയ്യുന്നതിന് 57500 രൂപ അനുവദിക്കണമെന്ന മലയാള മനോരമ അസിസ്റ്റന്റ് ജനറൽ മാനേജരുടെ 13-03-2020ലെ കത്തിന്റെ അടിസ്ഥാനത്തിൽ ₹57000 അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ബിൽ ബുക്കിൽ കാണുന്നില്ല. 2020-21 വർഷത്തെ ചെലവ് പത്രികയിൽ മേൽ പ്രോജക്ട് പ്രകാരം ചെലവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഏതെല്ലാം സ്കൂളുകളിലാണ് പത്രം വിതരണം ചെയ്തതെന്നതിന്റെ രേഖകൾ (സ്കൂളിൽ പത്രം ലഭിച്ചതായുള്ള സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം) ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(AE-10/2020-21 Dated:18-12-2021) കോവിഡ് കാരണം പത്രം വിതരണം പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ലയെന്നും സ്കൂൾ തുറന്നതിന് ശേഷം 200 ദിവസം പൂർത്തിയാക്കുന്നമുറക്ക് സ്കൂളുകളിൽ നിന്നുള്ള കൈപ്പറ്റ് രശീത് ഹാജരാക്കാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ₹57000 ചെലവ് തടസ്സപ്പെടുത്തുന്നു. സ്കൂളുകളിൽ പത്രം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-40 വായനശാല ക്ലബ്ബുകളിലും സ്കൂളുകളിലും ദിനപത്രം തൊഴിൽ വാർത്ത വിതരണം അപാകങ്ങൾ ₹60,000 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ,ജി എം യു പി എസ്, തളിപ്പറമ്പ് |
| പ്രോജക്ട് നമ്പർ/പേര് | 201/21വായനശാല ക്ലബ്ബുകളിലും സ്കൂളുകളിലും ദിനപത്രം തൊഴിൽ വാർത്ത വിതരണം |
| അടങ്കൽ | ₹1,05,477 വികസനഫണ്ട് ജനറൽ |
| ചെലവ് | ₹60000 ( 3/11-04-2020 എസിആർ പ്രകാരം) |

തളിപ്പറമ്പ് നഗരസഭ പരിധിയിലുള്ള സ്കൂളുകളിലേക്ക് മാതൃഭൂമിയുടെ മധുരം മലയാളം പദ്ധതിയുമായി സഹകരിച്ച് 50 മാതൃഭൂമി പത്രം 2020 ജനവരി 1 മുതൽ 200 പ്രവൃത്തി ദിനങ്ങളിൽ വിതരണം ചെയ്യുന്നതിന് 60000 രൂപ അനുവദിക്കണമെന്ന മാതൃഭൂമി സെയിൽ ഓർഗനൈസറുടെ 05-02-2020 കത്തിന്റെ അടിസ്ഥാനത്തിൽ ₹60,000 അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് രേഖപ്പെടുത്തൽ ബിൽ ബുക്കിൽ കാണുന്നില്ല. 2020-21 വർഷത്തെ ചെലവ് പത്രികയിൽ മേൽ പ്രോജക്ട് പ്രകാരം ചെലവ് ഉണ്ടായിട്ടുണ്ട്. പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1- ഏതെല്ലാം സ്കൂളുകളിലാണ് പത്ര വിതരണം ചെയ്തതെന്നതിന്റെ രേഖകൾ (സ്കൂളിൽ പത്രം ലഭിച്ചതായുള്ള സ്കൂൾ മേധാവിയുടെ സാക്ഷ്യപത്രം) ഹാജരാക്കിയിട്ടില്ല.

2- സർക്കാർ ഉത്തരവ് ജി ഒ (പി) 177/2006/ധന തീയതി 12-04-2006 പ്രകാരം മുൻകൂർ നൽകാവുന്ന ഇനങ്ങളിൽ പത്രത്തിന്റെ തുക ഉൾപ്പെടുന്നില്ല.

അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE-11/2020-21 Dated : 18-12-2021) കോവിഡ് കാരണം പത്രം വിതരണം പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ലയെന്നും സ്കൂൾ തുറന്നതിന് ശേഷം പത്രവിതരണം പൂർത്തിയാക്കുന്നമുറക്ക് സ്കൂളുകളിൽ നിന്നുള്ള കൈപ്പറ്റ് രശീത് ഹാജരാക്കാമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ₹60000 ചെലവ് തടസ്സപ്പെടുത്തുന്നു. സ്കൂളുകളിൽ പത്രം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 ഹെഡ് മാസ്റ്റർ ജി എം യു പി എസ് തളിപ്പറമ്പ് രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

നഗരസഭയിലെ വിദ്യാഭ്യാസ മേഖലയിലെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ, ജി എം യു പി എസ്, തളിപ്പറമ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ക്യാഷ് ബുക്ക്, സബ്സിഡിയറി ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. ഇത് കാരണം നിർവ്വഹണ ഉദ്യോഗസ്ഥന്റെ യഥാർത്ഥ ചെലവ് സംബന്ധിച്ച് വ്യക്തത ലഭിച്ചിട്ടില്ല. ക്യാഷ് ബുക്ക്, സബ്സിഡിയറി ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-42 ക്യാമറ സ്ഥാപിക്കൽ -പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെൽത്ത് ഓഫീസർ |
| പ്രോജക്ട് നമ്പർ /പേര് | 496/21,പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനും, പൊതുജന സുരക്ഷ ഉറപ്പ് വരുത്തുന്നതിനും നഗരസഭയിലെ വിവിധ ജംഗ്ഷനുകളിൽ ക്യാമറ |

| | |
|---|---|
| | സ്ഥാപിക്കൽ (സ്പിൽ ഓവർ) |
| അടങ്കൽ | 35,00,000 (തനത് ഫണ്ട്) |
| ചെലവ് | ചെക്ക് നം,തീയ്യതി,തുക : 6603514/31-3-21 ,3440350/- |

നഗര സഭയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനു വേണ്ടിയും ,പൊതുജന സുരക്ഷ ഉറപ്പ് വരുത്തുന്നതിനും നഗരസഭയിലെ വിവിധ ജംഗ്ഷനുകളിൽ ക്യാമറ സ്ഥാപിക്കുന്നതിനു വേണ്ടി 2019-20 വർഷം ആരംഭിച്ച പദ്ധതി പ്രകാരം (കൗൺസിൽ തീരുമാന നമ്പർ 2/2 ,തീയ്യതി 6-11-19 )സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ,തൃശ്ശൂർ എന്ന സ്ഥാപനത്തെ ഏൽപ്പിച്ചിരുന്നു. തൻവർഷം സ്പിൽ ഓവർ ആയി നടപ്പിലായാക്കിയ മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരം നഗരസഭയുടെ 17 സ്ഥലങ്ങളിൽ 53 ക്യാമറകൾ സ്ഥാപിച്ചതായി പറയുന്നുണ്ട്. എന്നാൽ നഗരസഭയിൽ സ്ഥാപിച്ച Centralised Monitoring System പരിശോധിച്ചതിൽ 16 സ്ഥലങ്ങളിൽ 46 ക്യാമറകൾ മാത്രമാണ് കാണാൻ കഴിഞ്ഞത്. പ്രവൃത്തി പൂർത്തികരിച്ചത് തൃപ്തികരമാണോ എന്നും, ഗുണമേന്മ പരിശോധിക്കുന്നതിനും PWD എഞ്ചിനീയർക്ക് കത്ത് നൽകി എങ്കിലും മറുപടി ലഭിച്ചതായി കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് പി ഡബ്ല്യു ഡി യിൽ നിന്നുള്ള വാല്യുയേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് സ്ഥാപനത്തിന് തുക നൽകിയിട്ടുള്ളത്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് (28/28-12-2021) മറുപടി ലഭ്യമാക്കിയതിൽ 17 സ്ഥലങ്ങളിൽ 53 ക്യാമറകൾ സ്ഥാപിച്ചതിൽ കാര്യമ്പലം എന്ന സ്ഥലത്ത് സ്ഥാപിച്ച ക്യാമറകൾ റോഡ് പണി നടക്കുന്നതിനാൽ താല്ക്കാലികമായി അഴിച്ചു വച്ചിട്ടുണ്ട് എന്നും. PWD എഞ്ചിനീയറുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നുമാണ്അറിച്ചത്.എന്നാൽ ഹാജരാക്കിയ മറുപടിയിൽ കാര്യമ്പലം എന്ന സ്ഥലത്ത് 3 ക്യാമറകൾ മാത്രമാണ് സ്ഥാപിച്ചതായി സ്ഥാപനം സമർപ്പിച്ച ബിൽ പ്രകാരമുള്ളത്. ബാക്കി ക്യാമറകൾ നഗരസഭയുടെ പരിധിയിൽ എവിടെ സ്ഥാപിച്ചു എന്നത് സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-43 രേഖകൾ ഹാജരാക്കിയില്ല - 367685/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഹെൽത്ത് ഓഫീസർ

പ്രോജക്ട് നമ്പർ /പേര് :493/21, റിംഗ് കമ്പോസ്റ്റ് (സ്പിൽ ഓവർ)

അടങ്കൽ : 3750000/-( സംസ്ഥാനാവിഷ്കൃത പരിപാടി)

: 88250/-(തനത് ഫണ്ട്)

: 103000/-(ഗുണഭോക്തൃ വിഹിതം)

ആകെ അടങ്കൽ : 3941250

ചെലവ് തുക : ₹3652978/-

മാലിന്യ സംസ്കരണം തടയുന്നതിനു വേണ്ടി 2016-17 വർഷം മുതൽ ആരംഭിച്ച് സ്പിൽ ഓവറായി തൻവർഷം നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 3652978/- രൂപ ചെലവഴിച്ച് ശുചിത്വ മിഷനിൽ നിന്ന് 3533794/- രൂപയും (തനത് ഫണ്ടിൽ നിന്ന് 32434/- രൂപയും ഗുണഭോക്തൃ വിഹിതം ഇനത്തിൽ 86750/- രൂപയും) നഗരസഭയിലെ ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റ് നൽകുന്നതിന് റെയ്ഡ്കോ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും 1935 എണ്ണം റിംഗ് കമ്പോസ്റ്റുകൾ ഒന്നിന് 2435/- രൂപ നിരക്കിൽ 4711725/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. (മുൻ വർഷങ്ങളിൽ മേൽ പദ്ധതിക്കു വേണ്ടി 1058750/- രൂപ ചെലവഴിച്ചിട്ടുണ്ട്). 1935 റിംഗ് കമ്പോസ്റ്റ് വാങ്ങിയതിൽ 1784 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബാക്കി 151 എണ്ണം ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കിയിട്ടില്ല. കൂടാതെ പദ്ധതി പ്രകാരം ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ നേരിട്ട് അടക്കുകയാണ് ചെയ്തത്. എന്നാൽ എത്ര ഗുണഭോക്താക്കൾ തുക അടവാക്കി എന്നോ, അടവാക്കിയ ഗുണഭോക്താക്കൾക്ക് തന്നെയാണോ റിംഗ് കമ്പോസ്റ്റുകൾ നൽകിയത് എന്നത് സംബന്ധിച്ച വിവരങ്ങൾ ഒന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെയും, 151 റിംഗ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ കൈപ്പറ്റ് രശീതിയും ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വഷണത്തിന് (28/28-12-2021) മറുപടി ലഭ്യമാക്കിയതിൽ ഗുണഭോക്താക്കൾക്ക് റിംഗ് കമ്പോസ്റ്റുകൾ വിതരണം നടത്തിയതിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കുന്നതാണ് എന്നും, ഗുണഭോക്തൃ വിഹിതം അടവാക്കിയവരുടെ ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കുന്നതിൽ കൂടുതൽ കൃത്യത ഉറപ്പാക്കേണ്ടതാണ്. 151 റിംഗ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയതിന്റെ കൈപ്പറ്റ് രശീതി ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 367685/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-44 അംഗൻവാടി പൂരക പോഷകഹാരം പദ്ധതി- ബില്ലിലെ ന്യൂട്രിമിക്സ് അളവും സ്റ്റോക്കിലെടുത്ത ന്യൂട്രിമിക്സ് അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്ടിന്റെ പേര് - അംഗൻവാടി പൂരക പോഷകഹാരം പദ്ധതി

പ്രോജക്ട് നമ്പർ - S006/21

വികസനഫണ്ട് - 3000000

കേന്ദ്രഫണ്ട് - 800000

ആകെ അടങ്കൽ - 3800000

ആകെ ചെലവ് - 3800000

2020-21 വർഷം മേൽ പദ്ധതി പ്രകാരം 3800000 രൂപ അംഗൻവാടി പൂരക പോഷകഹാരം പദ്ധതിക്കായി അമൃതം ന്യൂട്രിമികസ്, ഇരിണാവ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇതിൽ ആഗസ്റ്റ്, സപ്തംബർ മാസങ്ങളിൽ വിതരണം ചെയ്ത ബില്ലിലെ ന്യൂട്രിമിക്സ് അളവും അംഗൻവാടികളിൽ വിതരണം ചെയ്ത സ്റ്റോക്ക് രജിസ്റ്ററിലെ ന്യൂട്രിമിക്സ് അളവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| മാസം | ന്യൂട്രിമിക്സ് ബില്ലിലെ അളവ് | സ്റ്റോക്ക് രജിസ്റ്ററിലെ ന്യൂട്രിമിക്സ് അളവ് |
|---|---|---|
| ആഗസ്റ്റ് | 1974.375 | 1957.500 |
| സപ്തംബർ | 1991.250 | 2001.375 |

2021 മാർച്ച് മാസത്തെ ന്യൂട്രിമിക്സ് ബില്ലും ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 31.1.21ന് നൽകിയ 34ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയിട്ടില്ല. വിശദമായ പരിശോധന നടത്തി കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-45 തളിപ്പറമ്പ നഗരസഭയിലെ സ്ഥിരനിക്ഷേപങ്ങളുടെ ഇടപാടുകൾ, രേഖപ്പെടുത്തലുകൾ,അക്കൗണ്ടിംഗ് എന്നിവയിലുണ്ടായ വീഴ്ചകൾ.

തളിപ്പറമ്പ നഗരസഭയിലെ സ്ഥിരനിക്ഷേപങ്ങളുടെ ഇടപാടുകൾ, രേഖപ്പെടുത്തലുകൾ, അക്കൗണ്ടിംഗ് എന്നിവയിലുണ്ടായ വീഴ്ചകൾ ചുവടെ കൊടുക്കുന്നു.

1. സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4-5 ൽ പരാമർശിച്ച ഗുരുതരമായ അപാകങ്ങൾ ഒന്നും തന്നെ പരിഹരിക്കാതെയാണ് 2020-21 വർഷത്തെ സ്ഥിരനിക്ഷേപങ്ങളുടെ അക്കൗണ്ടിംഗും രേഖപ്പെടുത്തലും നടത്തിയിരിക്കുന്നത്. ആയതിനാൽ സ്ഥിരനിക്ഷേപങ്ങളുടെ കൃത്യത ഉറപ്പുവരുത്താനാവാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

2. 2020-21 വാർഷികകണക്കുകളുമായി സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

3. കേരള ഗ്രാമീൺബാങ്കിലെ സ്ഥിരനിക്ഷേപത്തിൽ പലിശ കണക്കാക്കിയതിൽ കുറവ് കാണുന്നു.ആയത് പരിശോധിച്ച് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

4. കാലാവധി തീയതി പൂർത്തിയായ ഉടൻ തന്നെ സ്ഥിരനിക്ഷേപങ്ങൾ പുതുക്കി പലിശ നഗരസഭ അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നില്ല.

5. സ്ഥിരനിക്ഷേപങ്ങളുടെ കാലാവധി തീയതി,പലിശ നിരക്ക്, കാലാവധി തുക, ലഭിച്ച പലിശ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയതിന്റെ വിവരം എന്നിവ ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥിരനിക്ഷേപങ്ങൾക്ക് അർഹമായ പലിശ ലഭിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താനായിട്ടില്ല. പ്രത്യേകിച്ചും, പിൻവലിച്ച സ്ഥിരനിക്ഷേപങ്ങളുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ലഭിക്കാത്തതിനാൽ പലിശ ലഭിച്ചതിന്റെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

6. പഞ്ചാബ് നാഷണൽ ബാങ്കിലുള്ള സ്ഥിരനിക്ഷേപങ്ങളുടെ 2018-19,2019-20,2020-21 വർഷങ്ങളിലേക്ക് ബാധകമായ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 2021-22 സാമ്പത്തികവർഷത്തിലെ സർട്ടിഫിക്കറ്റുകളാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ പുതുക്കിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

7. ട്രഷറിയിലെ EE No.459413/799010500652352 നമ്പർ സ്ഥിരനിക്ഷേപം 30-03-2005 തീയതിയിൽ ആരംഭിച്ചതാണ്. എന്നാൽ പ്രസ്തുത സ്ഥിരനിക്ഷേപം 2019-20വാർഷികകണക്കുകൾ മുതലാണ് അക്കൗണ്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഈ സ്ഥിരനിക്ഷേപത്തിൻമേലുള്ള പലിശ തളിപ്പറമ്പ സബ് ട്രഷറിയിലെ റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് അക്കൗണ്ടായ ടി പി എ 71903020000395 നമ്പർ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത് . 27-03-2019 ന് 2,55,000/-, 428263/-, എന്നീ തുകകൾ പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

ആയതിൽ നിന്ന് ടി ഡി എസ് ആയി 69257/-രൂപയും ഈടാക്കിയിട്ടുണ്ട്. സർക്കാരിന്റെ ഇടപാടുകൾക്ക് ടി ഡി എസ് ഒഴിവാക്കിയതിനാൽ ടി ഡി എസ് ഇനത്തിൽ ഈടാക്കിയ തുക തിരിച്ച് ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഇൻവെസ്റ്റ്മെന്റ് /സെക്യൂരിറ്റികളുടെ പീരിയോഡിക്കൽ വെരിഫിക്കേഷൻ നടത്തണമെന്നും ത്രൈമാസപരിശോധന നിർബന്ധമായും നടത്തണമെന്നുമുള്ള കേരള മുനിസിപ്പാലിറ്റി അക്കൗണ്ടിംഗ് റൂൾസ് 2007 ലെ ചട്ടം 47 പ്രകാരമുള്ള പരിശോധന സെക്രട്ടറി നടത്താത്തതാണ് ഇത്തരം അപാകങ്ങൾ ഉണ്ടാകിനിടയായതെന്ന് വ്യക്തമാണ്.

13 കോടിയിലധികം വരുന്ന സ്ഥിരനിക്ഷേപങ്ങളുടെ പുതുക്കൽ,പലിശ ലഭിച്ചത് ഉറപ്പാക്കൽ,പലിശയുടെ അക്കൗണ്ടിംഗ്, രജിസ്റ്റർ സൂക്ഷിക്കൽ, വാർഷികകണക്കുകളുമായി റീ കൺസിലിയേഷൻ നടത്തി സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കൽ എന്നീ നടപടിക്രമങ്ങളിലുണ്ടായ മേൽസൂചിപ്പിച്ച വീഴ്ചകൾ പരിഹരിച്ച് ഇൻവെസ്റ്റ്മെന്റ് വിവരങ്ങൾ കാലികമാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. വിവിധ ബാങ്കുകളിലെ ഇൻവെസ്റ്റ്മെന്റ് വിവരങ്ങൾ നഗരസഭ കണക്കുകളുമായി ഒത്തുനോക്കി വാർഷികകണക്കുകളിൽ ഉൾപ്പെടുത്തുവാൻ അവശേഷിക്കുന്ന ഇൻവെസ്റ്റ്മെന്റുകൾ ഇനിയും ഉണ്ടെങ്കിൽ അക്കാര്യം കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-46 പെൻഷൻ ഫണ്ട്

റഗുലർ ജീവനക്കാർ

1996ൽ നിലവിൽ വന്ന (കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ, ചട്ടം 7(2), 8ൽ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതതു മാസം 25-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെക്കുന്നതിന് മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി നഗരസഭാ സെക്രട്ടറി സർക്കാർ ട്രഷറിയിലോ, ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് അക്കൗണ്ട് തുടങ്ങേണ്ടതാണ്. (ചട്ടം-10) നഗരകാര്യ ഡയറക്ടറിൽ നിന്നും പെൻഷൻ പെയ്മെന്റ് ഓർഡറും ഫണ്ടും ലഭിച്ച് 14 ദിവസത്തിനകം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടതുമാണ്, (ചട്ടം-11) (1).നഗരസഭ ചെൻഷൻ ഫണ്ട് സംബന്ധിച്ച് ലഭ്യമാക്കിയ വിവരങ്ങൾ അടിസ്ഥാനമാക്കി 1996 ലെ കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസ് നിലവിൽ വന്നശേഷം എല്ലാ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നുണ്ട്. ഈ ചട്ടങ്ങൾ നിലവിൽ വരുന്നതിന് മുമ്പ് മുനിസിപ്പൽ ഡയറക്ടറുടെ 28-09-1991ലെ 10/91 സർക്കുലറിലെ നിർദ്ദേശപ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ തുക കൃത്യമായി ഒടുക്കിയിരുന്നോ എന്നത് വ്യക്തമല്ല. ഇതു സംബന്ധിച്ച് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

റഗുലർ പെൻഷൻ

നഗരസഭയിലെ റഗുലർ പെൻഷൻ നൽകുന്നതിന് ട്രഷറിയിൽ 719030200000395 നമ്പറായി അക്കൗണ്ട് തുടങ്ങുകയും സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന വിഹിതം ഈ അക്കൗണ്ടിൽ നിക്ഷേപിച്ച് പെൻഷൻ വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ഓഡിറ്റ് വർഷം ₹30,80,990 രൂപ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ചിട്ടുണ്ട്. ലഭിച്ച തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| തുക ലഭിച്ച വർഷം | ലഭിച്ച തുക | ബാങ്ക് പാസ് ബുക്കിൽ വരവ് വന്ന തിയ്യതി |
|---|---|---|
| 2020-21 | 3000665 | 25-06-2020 |
| 2020-21 | 80325 | 01-02-2021 |

റഗുലർ വിഭാഗത്തിൽ നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരുടെ എണ്ണം- 27 – റഗുലർ പെൻഷനർമാർ – 22, ഫാമിലി പെൻഷനർമാർ- 5. തനത് ഫണ്ടിൽ നിന്നും പെൻഷൻ നൽകിയ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാനുള്ള തുക- ₹ 3,37,08,746 (തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം 12/18-12-2021ന് നല്കിയ മറുപടി പ്രകാരം കാണിച്ച തുകയാണ് രേഖപ്പെടുത്തിയത്)

നഗരസഭയുടെ 2018-19 ലെ പെൻഷൻ ഫണ്ട് അക്കൗണ്ട് (റഗുലർ ) സംക്ഷിപ്തം

| | |
|---|---|
| മുന്നിരിപ്പ് | 837096 |
| പലിശ | 22602 |
| പെൻഷൻ ഫണ്ടിനത്തിലെ ആകെ വരവ്<br>( സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ചത്) | 3080990 |

| | |
|---|---|
| ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ട്രഷറി അക്കൗണ്ടിൽ മാറ്റിയ തുക | 1500000 |
| തനത് ഫണ്ടിൽ നിന്ന് നേരിട്ട് ചെലവഴിച്ചതുക | 2545544 |
| ആകെ വരവ് | 7986232 |
| പെൻഷറി ആനുകൂല്യങ്ങൾ നൽകുന്നതിന് ചെലവായ തുക | 5340688 |
| തനത്ഫണ്ടിൽ നിന്ന് നേരിട്ട് ചെലവഴിച്ച തുക | 2545544 |
| ആകെ ചെലവ് | 7886232 |
| 31-03-2021 ലെ നീക്കിയിരിപ്പ് | 100000 |

തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതു കൊണ്ട് മാത്രമാണ് പെൻഷറി ആനുകൂല്യങ്ങൾ യഥാസമയം നൽകുവാൻ സാധിക്കുന്നത്. തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക പെൻഷൻ ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നും വിനിയോഗിച്ച വരുന്നു. ഇത് ശരിയായ നടപടിയല്ല. തനത് ഫണ്ടിൽ നിന്നും പെൻഷറി ആനുകൂല്യങ്ങൾക്കായി ചെലവഴിക്കുന്ന തുകയുടെയും, ഓരോ മാസവും സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്ന തുകയുടെയും വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തി ഒരു പെൻഷൻ ഫണ്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള കുടിശ്ശിക ലഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നതിന്റെ വിശദവിവരം

| ക്രമ നമ്പർ | മാസം | സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയ തിയതി | ഒടുക്കിയ തുക |
|---|---|---|---|
| 1 | 03/2020 | | 153262 |
| 2 | 04/2020 | | 154527 |
| 3 | 05/2020 | 19-06-2020 | 153074 |
| 4 | 06/2020 | 17-08-2020 | 139028 |
| 5 | 07/2020 | 17-08-2020 | 134559 |
| 6 | 08/2020 | 29-09-2020 | 124284 |
| 7 | 09/2020 | 21-10-2020 | 118659 |
| 8 | 10/2020 | 21-12-2020 | 118952 |
| 9 | 11/2020 | 01-01-2021 | 125216 |
| 10 | 12/2020 | 20-01-2021 | 127318 |
| 11 | 01/2021 | 24-02-2021 | 127106 |
| 12 | 02/2021 | 20-03-2021 | 124279 |
| ആകെ | | | 14,47,002 |

1996 ൽ നിലവിൽ വന്ന കേരള മുനിസിപ്പൽ ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് റൂൾസിലെ ചട്ടം 7(2), 8 ൽ ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത ശമ്പളത്തിന്റെ 15% തുക അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതതു മാസം 25-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ജീവനക്കാരുടെ പെൻഷൻ അനുവദിക്കുന്നതിലെ കാലതാമസം

നഗരസഭയിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം, പെൻഷൻ എന്നിവ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ അതാത് കാലങ്ങളിൽ ജീവനക്കാരുടെ ശമ്പള പരിഷ്കാരങ്ങൾക്ക് അംഗീകാരം വാങ്ങാതെ പെൻഷൻ സമയത്ത് ശമ്പള പരിഷ്കരണങ്ങൾ അംഗീകാരത്തിനായി അയച്ചുതരുന്ന പ്രവണതയാണ് കാണുന്നത് . ഇത് നിരവധി ഓഡിറ്റ് തടസ്സങ്ങൾക്കും പെൻഷൻ ലഭിക്കുന്നതിന് കാലതാമസത്തിനും ഇടയാക്കുന്നുണ്ട്. ഓഡിറ്റ് കാലയളവിൽ വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണത്തിലെ കാലതാമസം ചുവടെ ചേർക്കുന്നു.

| പേര് | തസ്തിക | വിരമിച്ച മാസം | പെൻഷൻ ആനുകൂല്യം അനുവദിച്ച മാസം |
|---|---|---|---|
| ശ്രീ.വിജയൻ പി വി | ലൈബ്രേറിയൻ | 31-05-2020 | 01-03-2021 |

ജീവനക്കാർ സേവനത്തിൽ നിന്ന് വിരമിച്ചതിന് തൊട്ടടുത്ത മാസം തന്നെ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കണ്ടിജന്റ് ജീവനക്കാർ

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് തുക നിക്ഷേപിച്ചിരിക്കുന്നത് തളിപ്പറമ്പ സബ്ട്രഷറിയിലെ ടി.പി.എ 7190002000038 നമ്പർ അക്കൗണ്ടിലാണ്. 2020-21 ൽ 14 പെൻഷണർമാരാണ് നിലവിലുണ്ടായിരുന്നത്. ഇവരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15%തുക എല്ലാമാസവും തനത് ഫണ്ടിൽനിന്നും പിൻവലിച്ച് പ്രസ്തുത അക്കൗണ്ടിൽ അടവാക്കുകയാണ് ചെയ്യുന്നത് ഓഡിറ്റ് വർഷത്തെ വരവ് ചെലവ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുൻബാക്കി | 33147 |
| തൻവർഷ വരവ് | 4591683 |
| പലിശ | 10828 |
| ആകെ | 4635658 |
| തൻവർഷ ചെലവ് | 4012016 |
| നീക്കി ബാക്കി | 623642 |

പ്രതിമാസ പെൻഷൻ തുകയെ കൂടാതെ രണ്ട് ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങളും എല്ലാ പെൻഷണർമാരുടെയും പെൻഷൻ പരിഷ്കരണ കുടിശ്ശികയും ഈ ഫണ്ടിലെ വരവ് ചെലവുകളിൽഉൾപ്പെടുന്നു.

## 1-47 തനത് ഫണ്ട് സൂക്ഷിപ്പിനായി ഒന്നിലധികം അക്കൗണ്ടുകൾ

തനതുഫണ്ട് സൂക്ഷിക്കുവാൻ ട്രഷറി അക്കൗണ്ട് കൂടാതെ 4 ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിച്ചതായി കാണുന്നു.സർക്കുലർ നമ്പർ 58725/FM3/2008/ത.സ്വ.ഭ.വ 26.05.11 പ്രകാരം ട്രഷറി അക്കൗണ്ടിനു പുറമേ ഒരു ബാങ്ക് അക്കൗണ്ട് മാത്രം സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

| ക്രമ നം | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | 31.03.2021 ലെ ബാലൻസ് |
|---|---|---|---|
| 1 | എസ് ബി ഐ | 10642384118 | 0.04 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക് | 100001398 | 15524724 |
| 3 | കാനറ ബാങ്ക് | 58320 | 299824 |
| 4 | എൻ എം ജി ബാങ്ക് | 40493100007611 | 603397 |

ഇടപാടുകൾ കുറവായ അക്കൗണ്ട് ക്ലോസ് ചെയ്ത് പ്രധാനപ്പെട്ട ഒരു അക്കൗണ്ടിലൂടെ മാത്രം നഗരസഭയുടെ ഇടപാടുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കാട്ടിയിട റോഡ് വശങ്ങളിൽ കോൺക്രീറ്റ്-ടെണ്ടർ വ്യതിയാനം,ജി എസ് ടി -ടി ഡി എസ് എന്നിവ ബില്ലിൽ നിന്നും കുറവ് ചെയ്തില്ല-64205 രൂപ കരാറുകാരന് അധികം നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | ഇ-1-6427/2020 |
| പ്രൊജക്ട് നമ്പർ | SO 44/21 |
| പ്രൊജക്ടിന്റെ പേര് | കാട്ടിയിട റോഡ് വശങ്ങളിൽ കോൺക്രീറ്റ് |
| അടങ്കൽ | വികസനഫണ്ട്-(ധനകാര്യകമ്മീഷൻ അവാർഡ്)-4,00,000 |
| ആകെ പ്രവൃത്തിമൂല്യം | 3,35,096 |
| ആകെ ചെലവ് തുക ( Gross Amount) | 3,75,308 രൂപ |
| കരാറുകാരന് നൽകിയ തുക -Net Amount (K.C.W.W.F -3754/-,IT- 3754/-എന്നീ ഇനങ്ങൾ റിക്കവറി നടത്തിയതിന് ശേഷം) | 3,67,800 |
| വൗച്ചർ നമ്പർ,തീയതി/ തുക | 239/20-21<br>തീയതി 15-02-2021 |
| കരാറുകാരന്റെ പേര് | രഞ്ജിത്ത്.എം.വി |
| ക്വാട്ട് ചെയ്ത നിരക്ക് | 15.6% Below Estimate Rate |
| എം.ബുക്ക് നമ്പർ | 255/2019-20 |
| എഗ്രിമെന്റ് നമ്പർ | E-97/2020-21<br>തീയതി 14-10-2020 |

പ്രസ്തുത പ്രവൃത്തി ശ്രീ രഞ്ജിത്ത്.എം.വി 15.6% Below Estimate Rate നിരക്കിലാണ് ക്വാട്ട് ചെയ്തിട്ടുള്ളത്.എന്നാൽ ആകെ പ്രവൃത്തി മൂല്യത്തിൽ (3,35,096/-) നിന്നും 15.6% കുറവ് ചെയ്യാതെയും ജി എസ് ടി 2% ടി ഡി എസ് കുറവ് ചെയ്യാതെയും തുക അനുവദിച്ചതിനാൽ 64205/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ഇനം | കൊടുത്ത തുക | കൊടുക്കാവുന്ന തുക | അധികമായി കൊടുത്ത തുക |
|---|---|---|---|
| Value Of Work Done | 335096 | 335096 | - |
| Deduct 15.6% Tender Below | 0 | 52275 | |
| Total | 335096 | 282821 | |

| | | | |
|---|---|---|---|
| Add 12% GSTCompensation | 40212 | 33938 | |
| Total | 375308 | 316759 | |
| Deduct GST 2% | 0 | 5656 | |
| ആകെ | 375308 | 311103 | 64205 (3,75,308 – 3,11,103) |

കരാറുകാരന് അധികം നൽകിയ 64205 രൂപ ഈടാക്കേണ്ടതാണ്.

## 3-2 കുബ്ലോർ റോഡ് റീ ടാറിംഗ്-കരാറുകാരന് 6017/- രൂപ അധികം നൽകി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | E-1/9765/19 |
| പ്രൊജക്ട് നമ്പർ | 337/21 |
| പ്രൊജക്ടിന്റെ പേര് | കുബ്ലോർ റോഡ് റീ ടാറിംഗ് |
| അടങ്കൽ | മെയിനന്റൻസ് ഫണ്ട് നോൺ റോഡ്-618350 |
| പ്രവൃത്തിമൂല്യം | 601720 |
| ചെലവ് തുക | മെയിനന്റൻസ് ഫണ്ട് നോൺ റോഡ്-601720 |
| വൗച്ചർ നമ്പർ,തീയതി/ തുക | 212/19-20തീയതി ഇല്ല. (ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയത് പ്രകാരം) കൃ ബിൽ-2019-20 (2020-21 വർഷത്തിൽ ബിൽ തുക നൽകി) |
| കരാറുകാരന്റെ പേര് | പട്ടുവം കൺസ്ട്രക്ഷൻസ് |
| ക്വാട്ട് ചെയ്ത നിരക്ക് | 552099.15 (ഐറ്റം റേറ്റ്) |
| എം.ബുക്ക് നമ്പർ | 101/2019-20 |
| എഗ്രിമെന്റ് നമ്പർ / തീയതി | E-92/2019-20 തീയതി 09-01-2020 |
| സാങ്കേതികാനുമതി നമ്പർ/ തീയതി/തുക | 33502/2019-20 670000 |

ആദായ നികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികമായുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് രണ്ട് ശതമാനം നിരക്കിലുമാണ്. മേൽ പ്രവൃത്തിയിൽ നിന്ന് ആകെ പ്രവർത്തിമൂല്യത്തിന്റെ 2% നിരക്കിൽ (₹601720x 2%) ₹12034ആദായ നികുതി ഈടാക്കുന്നതിന് പകരം ₹6017/-മാത്രമാണ് ഈടാക്കിയത്. ഇത് കാരണം ₹6017 കരാറുകാരന് അധികം നല്കിയിട്ടുണ്ട്. ആദായ നികുതി ഇനത്തിൽ ഈടാക്കുന്നതിൽ കുറവ് വന്ന ₹6017 തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## 3-3 പബ്ലിക് ടോയ് ലറ്റ് നിർമ്മാണം.-കരാർ നൽകിയ സ്ഥാപനത്തിന് 18778/- രൂപ അധികം നൽകി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| ഫയൽ നമ്പർ | E-1/21422/18 |
| പ്രൊജക്ട് നമ്പർ | SO 279/20,SO 302/21 |
| പ്രൊജക്ടിന്റെ പേര് | പബ്ലിക് ടോയ് ലറ്റ് നിർമ്മാണം. |
| അടങ്കൽ | കേന്ദ്രാവിഷ്കൃതഫണ്ട് (സ്വച്ഛ് ഭാരത് അഭിയാൻ)-1698684<br>തനത് ഫണ്ട്-840000<br>ആകെ -2538684 |
| പ്രവ്യത്തിമൂല്യം | 1877832 |
| ചെലവ് തുക | 1877832 |
| വൗച്ചർ നമ്പർ,തീയതി/ തുക | 87/2019-20<br>തീയതി 10-10-2019-1104452<br>102/2020-21<br>തീയതി 22-07-2020-773380 |
| കരാറുകാരന്റെ പേര് | രാമകൃഷ്ണ ബിൽഡേർസ്. |
| ക്വാട്ട് ചെയ്ത നിരക്ക് | 2437809.90(ഐറ്റം റേറ്റ്) |
| എം.ബുക്ക് നമ്പർ | 90/18-19,120/18-19,121/18-19 |
| എഗ്രിമെന്റ് നമ്പർ / തീയതി | E-157/18-19 തീയതി 15-01-2019 |
| സാങ്കേതികാനുമതി നമ്പർ/ തീയതി/ തുക | 90274/2018-19<br>24,80,000 |

ആദായനികുതി നിയമം സെക്ഷൻ 194 സി പ്രകാരം 30000/- രൂപയിൽ അധികരിച്ചുള്ള കരാറുകൾക്കും സേവനങ്ങൾക്കും ബാധകമായ ആദായനികുതി നിരക്ക് വ്യക്തികൾക്ക് ഒരു ശതമാനവും മറ്റുള്ളവർക്ക് രണ്ട് ശതമാനം നിരക്കിലുമാണ്. നിർമ്മാണ കമ്പനിയാണ് പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് എന്നതിനാൽ മേൽ പ്രവൃത്തിയിൽ നിന്ന് ആകെ പ്രവർത്തി മൂല്യത്തിന്റെ 2% നിരക്കിൽ (₹1877832x2%) ₹37557 ആദായ നികുതി ഈടാക്കുന്നതിന് പകരം ₹18779/- മാത്രമാണ് ഈടാക്കിയത്. ഇത് കാരണം ₹18778 കരാർ നൽകിയ സ്ഥാപനത്തിന് അധികം നല്കിയിട്ടുണ്ട്. ആദായ നികുതി ഇനത്തിൽ ഈടാക്കുന്നതിൽ കുറവ് വന്ന ₹18779 തിരികെ ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

## 3-4 വീട്ട് വാടക ബത്ത ക്ലെയിം ചെയ്ത കാലയളവിൽ നഗരസഭസെക്രട്ടറിക്ക് ക്വാട്ടേഴ്സ് വാടക അനുവദിച്ചത് ക്രമപ്രകാരമല്ല 14780 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നഗരസഭ സെക്രട്ടറിക്ക് ഔദ്യോഗിക ആവശ്യത്തിന് ക്യാമ്പ് ചെയ്യുന്നതിന് താമസസൗകര്യം ഇല്ലാത്തതിനാൽ പ്രതിമാസം 6000 രൂപ നിശ്ചയിച്ച് ക്വാട്ടേഴ്സ് വാടക അനുവദിച്ചിട്ടുണ്ട്. എന്നാൽ ശമ്പളത്തോടൊപ്പം വീട്ട് വാടക ബത്തയും സെക്രട്ടറി ക്ലെയിം ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | | വൗച്ചർ നമ്പർ/ തീയതി | തുക | ശമ്പള ബിൽ പ്രകാരം (ട്രഷറി)അനുവദിച്ച എച്ച് ആർ എ |
|---|---|---|---|---|
| 1 | 03/2020 | 11/02-04-2020 | 6000 | 1500 |
| 2 | 04/2020 | 47/08-05-2020 | 6000 | 1200 |
| 3 | 05/2020 | 113/03-06-2020 | 6000 | 1210 |
| 4 | 06/2020 | 175/02-07-2020 | 6000 | 1200 |

| | | | | |
|---|---|---|---|---|
| 5 | 07/2020 | 229/03-08-2020 | 6000 | 1210 |
| 6 | 08/2020 | 331/08-09-2020 | 6000 | 1210 |
| 7 | 09/2020 | 398/06-10-2020 | 6000 | 1500 |
| 8 | 10/2020 | 517/05-11-2020 | 6000 | 1500 |
| 9 | 11/2020 | 563/02-12-2020 | 6000 | 1500<br>(ശമ്പള ബിൽ ഹാജരാക്കിയിട്ടില്ല) |
| 10 | 12/2020 | 676/04-01-2021 | 6000 | 1250 |
| 11 | 01/2021 | 744/01-02-2021 | 6000 | 1500 |
| | | | | 14780 |

വീട്ട് വാടക ബത്ത ക്ലെയിം ചെയ്ത കാലയളവിൽ ക്വാട്ടേഴ്സ് വാടക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AE-13/2020-21 Dated:18-12-2021) അധികമായി അനുവദിച്ച തുക തിരിച്ചടപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 14780 രൂപയുടെ ചെലവ് നിരാകരിക്കുന്നു. 14780 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-5 വനിതാ ഗ്രൂപ്പ് - മീനും കൂടും - അധിക സബ്സിഡി അനുവദനീയമല്ല -₹ 52227 യുടെ ചെലവ് നിരാകരിക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ,<br>നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ |
| പ്രോജക്റ്റ് നമ്പർ | 253/21 |
| പ്രോജക്റ്റിന്റെ പേര് | വനിതാ ഗ്രൂപ്പ്- മീനും കൂടും (SO) |
| അടങ്കൽ<br>ആകെ | ₹360000<br>വികസനഫണ്ട് എസ്.സി.പി<br>₹25000 തനത് ഫണ്ട്<br>₹385000 |
| ചെലവ് തുക/ബിൽ നം/തീയതി | ₹348182 , 19/19-20,11.04.2020 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതാഗ്രൂപ്പുകൾക്ക് മീനും കൂടും ലഭ്യമാക്കുന്നതിനുള്ളതാണ് മേൽ പ്രോജക്റ്റ്.

പ്രോജക്റ്റിന്റെ ഭാഗമായി 7 അംഗങ്ങൾ വീതമുള്ള 2 വനിതാഗ്രൂപ്പുകൾ 7 വീതം മത്സ്യ യൂണിറ്റുകൾ സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ട്. പ്രോജക്റ്റുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രൂപ്പുകൾ സമർപ്പിച്ച ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രൂപ്പിന്റെ പേര് | മത്സ്യക്കൂട് വാങ്ങിയ വകയിൽ ചെലവായ തുക | മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങിയ വകയിൽ ചെലവായ തുക | മത്സ്യതീറ്റ വാങ്ങിയ വകയിൽ ചെലവായ തുക | കൂലിച്ചെലവ് | ആകെ | അനുവദിക്കാവുന്ന സബ്സിഡി തുക (85%) | അധികം അനുവദിച്ചത് |
|---|---|---|---|---|---|---|---|
| ഐശ്വര്യ മത്സ്യഗ്രൂപ്പ് | 50708 | 70000 | 35000 | 18200 | 173908 | 147822 | 26086 |
| സ്നേഹ മത്സ്യഗ്രൂപ്പ് | 51074 | 70000 | 35000 | 18200 | 174274 | 148133 | 26141 |
| | | | | ആകെ | 348182 | 295955 | 52227 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/17.12.2021) പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.4(4) പ്രകാരമാണ് (സ്വയം തൊഴിൽ (സ്ത്രീകളുടെ ഗ്രൂപ്പ്)) പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് മറുപടി നൽകിയിയിട്ടുണ്ട്. ഖണ്ഡിക 6.4(4) പ്രകാരം ഒരു ഗ്രൂപ്പിന് അനുവദിക്കാവുന്ന പരമാവധി സബ്സിഡി തുക 3 ലക്ഷമോ അല്ലെങ്കിൽ ചെലവ് തുകയുടെ 85 ശതമാനമോ ആണ്.

എന്നാൽ ഇവിടെ ചെലവ് തുക മുഴുവനം സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം തുക അനുവദിച്ചത് സംബന്ധിച്ച് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികമായി അനുവദിച്ച ₹52227 യുടെ ചെലവ് നിരാകരിക്കുന്നു. അധികം നൽകിയ തുക ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 17.12.21മുതൽ 18.12.21 വരെ | നം.കെ.എസ്.എ./കെ.എൻ.ആർ./സി.15/ 45/2022 തീയതിः 24.05.2022. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാ തിരിച്ചടവ്

2020-21വർഷത്തിൽ ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച തുകയുടെയും തൻവർഷം തിരിച്ചടച്ച തുകയുടെയും വിവരം

| വർഷം | വായ്പയുടെ ഉദ്ദേശ്യം, വായ്പ അനുവദിച്ച സ്ഥാപനം. | ഉത്തരവ് നമ്പർ | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കി ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കി ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 2020-21 | പി എം എ വൈ ഭവനപദ്ധതി-(ഹഡ്കോ വായ്പ) | സ.ഉ. (എം.എസ്) 68/2018 തീയതി 18-05-2018 | 70,00,000 | 14333333 | 1920000 | 0 | 19413333 |

## 4-6 സ്ഥിര നിക്ഷേപം

നഗരസഭക്ക് താഴെ പറയും പ്രകാരം രൂപയുടെ സ്ഥിരനിക്ഷേപം /ഷെയറുകൾ നിലവിലുണ്ട്.

(വാർഷികകണക്കുകളുടെ അടിസ്ഥാനപ്പെടുത്തി നഗരസഭ തയ്യാറാക്കി നൽകിയത് പ്രകാരം)

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 138843264 |
| തൻവർഷം നിക്ഷേപിച്ച തുക | 2000000 |
| തൻവർഷം നിക്ഷേപിച്ച പലിശ | 5194716 |
| ആകെ | 146037980 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 17298209 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 128739771 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു . 2020-21

(ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ അപൂർണ്ണമായതിനാൽ ഭൗതിക പരിശോധനക്ക് ലഭ്യമായ സ്ഥിരനിക്ഷേപങ്ങളുടെ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക | കാലാവധി തീയതി | റിമാർക്സ് |
|---|---|---|---|---|
| | മൊറാഴ കല്ല്യാശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,ലി.നം.എഫ്-1452, മാങ്ങാട് ശാഖ. | | | |
| 1 | നം.1048/34684/ 29-09-2020 (W.e.f 15-09-2020) | 10205243 | 15-03-2021 | (പലിശനിരക്ക് 6.75%) 19-03-2021 ന് (W.e.f.15-03-2021) 10549670 രൂപയായി പുതുക്കിയിട്ടുണ്ട്. കാലാവധി തീയതി 15-09-2021, പലിശനിരക്ക് 6.25% (തൻവർഷം പുതുക്കിയിട്ടുണ്ടെങ്കിലും വാർഷികണക്കുകളിൽ പുതുക്കിയ വിവരം ഉൾപ്പെടുത്തിയിട്ടില്ല) |
| 2 | നം.1145/27489/ 05-12-2019 (W.e.f 16-11-2019) | 5165690 | 16-11-2020 | (പലിശനിരക്ക് 7.75%) 21-11-2021 ന് (W.e.f.16-11-2020) 5566031 രൂപയായി പുതുക്കിയിട്ടുണ്ട്. പലിശനിരക്ക് 7.25% |

| | | | | |
|---|---|---|---|---|
| 3 | 0602111302883/<br>31-03-2021<br>(NEW FD) | 1000000 | 16-05-2021 | 2021-22 വർഷത്തിൽ പിൻവലിച്ചു. |
| | ആകെ | 11720933 | | |
| | മൊറാഴ കല്ല്യാശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,ലി.നം.എഫ്-1452, ധർമ്മശാല സായാഹ്നശാഖ. | | | |
| 4 | 0802111301904/63477<br>/31-03-2021<br>(W.e.f 27-03-2021) | 1142829 | 27-03-2022 | പലിശനിരക്ക് 5.75% |
| | മൊറാഴ കല്ല്യാശ്ശേരി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,ലി.നം.എഫ്-1452, പറശ്ശിനിക്കടവ് ശാഖ. | | | |
| 5 | 0602111302337/73424<br>/26-03-2021 | 2857067 | 25-06-2021 | പലിശനിരക്ക് 5.75% |
| 6 | 0602111302571/69409<br>/25-02-2021<br>(W.e.f 01-01-2021) | 2666035 | 02-04-2021 | (പലിശനിരക്ക് 6.25%) |
| | ആകെ | 5523102 | | |
| | പാപ്പിനിശ്ശേരി കോ-ഓപ് റൂറൽ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ-1321 ബക്കളം ശാഖ. | | | |
| 6 | 0602011209328/33206<br>/23-07-2020<br>(W.e.f 23-07-20) | 8525111 | 181 ദിവസം<br>(02-01-2021) | (പലിശനിരക്ക് 6.75%)<br>പുതുക്കിയിട്ടില്ല. |
| | പാപ്പിനിശ്ശേരി കോ-ഓപ് റൂറൽ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ-1321,ബാവുപ്പറമ്പ ശാഖ. | | | |
| 7 | 1402010000840/57750<br>/27-02-2021<br>(W.e.f 26-12-20) | 2825919 | 6മാസം<br>(26-06-2021) | പുതുക്കി യിട്ടില്ല. |
| 8 | 2020000412/85221<br>/30-03-2021 | 1000000 | 15-05-2021 | 2021-22 വർഷത്തിൽ പിൻവലിച്ചു. |
| | ആകെ | 3825919 | | |
| | പാപ്പിനിശ്ശേരി കോ-ഓപ് റൂറൽ ബാങ്ക് ലിമിറ്റഡ് നമ്പർ ഇ-1321, കോൾമൊട്ട ശാഖ. | | | |
| 9 | 1002011201557/13650<br>/28-03-2021<br>(W.e.f 01-12-2020) | 8288166 | 01-12-2021 | പലിശ നിരക്ക് -7.25% |
| | തളിപ്പറമ്പ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.എഫ്.1264 | | | |
| 10 | 0103032286/21-05-2020<br>(W.e.f 21-05-2019) | 7178331 | 21-03-2021 | പലിശ നിരക്ക് 8.25%)<br>07-06-21 ന് W.e.f.21-03-21 8264054 രൂപയായി പുതുക്കി യിട്ടുണ്ട്. പലിശ നിരക്ക് 6.75% |

| | | | | |
|---|---|---|---|---|
| 11 | 0103033177/23-07-2020 (W.e.f 28-03-2020) | 10850000 | 28-03-2021 | പലിശ നിരക്ക് 7.75%)<br>07-06-21 ന് ( W.e.f. 28-03-21) 11690875 രൂപയായി പുതുക്കി യിട്ടുണ്ട്. പലിശ നിരക്ക് 6.75% |
| 12 | 0103031894/ 23-07-2020 (W.e.f 05-01-2020) | 3581023 | 05-03-21(14മാസം) | പലിശ നിരക്ക് 7.75%)<br>07-06-21 ന് ( W.e.f. 05-03-21 ) 3904807 രൂപയായി പുതുക്കി യിട്ടുണ്ട്. പലിശ നിരക്ക് 6.75% , കാലാവധി തീയതി 05-03-2022 |
| | ആകെ | 21609354 | | |
| | കേരള ഗ്രാമീൺ ബാങ്ക്,കരിമ്പം ശാഖ. | | | |
| 13 | 301690/a/c-4049320170042 /28-03-2021 | 5620725 | 28-03-2022 | പലിശ നിരക്ക് 5.45%) |
| | സബ് ട്രഷറി ,തളിപ്പറമ്പ (ടേം ഡെപ്പോസിറ്റ് (എഫ് ഡി ) സർട്ടിഫിക്കറ്റ് ) | | | |
| 14 | JK No.478243/ 799010500684597/21-06-2019 | 634808 | 21-06-2021 | പലിശ നിരക്ക് 7.5%<br>പുതുക്കി യിട്ടില്ല. |
| 15 | EE No.459413/ 799010500652352/ 30-03-2010 | 600000 | 29-03-2022 (12 വർഷം) | |
| 16 | AA No.391071/ 799010500176539/ 25-07-2017 | 109333 | 24-07-2018 | പലിശ നിരക്ക് 8.5% പുതുക്കി യിട്ടില്ല. |

| | | | | |
|---|---|---|---|---|
| | ആകെ | 1344141 | | |
| | തളിപ്പറമ്പ ബ്ലോക്ക് വനിത കോ-ഓപ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.944 | | | |
| 17 | 2569/31-03-2021 | 1159446 | 29-03-2022 | പലിശ നിരക്ക് 6.75% , |
| | തളിപ്പറമ്പ റൂറൽ കോ-ഓപ് സൊസൈറ്റിലിമിറ്റഡ് നമ്പർ സി.2056 | | | |
| 18 | 212/29-03-2021 | 2922719 | 28-03-2022 | പലിശ നിരക്ക് 6.75% |
| | പഞ്ചാബ് നാഷണൽ ബാങ്ക്,തളിപ്പറമ്പ ശാഖ | | | |
| 19 | 480400PU00003452/ 4730138/31-05-21 W.E.F.01-04-2021 | 7156107 | 01-04-2022 | പലിശ നിരക്ക് 5.2% കാലാവധി തുക 7535544 |
| 20 | 480400PU00008317/ 472690/31-05-21 W.E.F.17-05-2021 | 12509217 | 17-05-2022 | പലിശ നിരക്ക് 5.10% കാലാവധി തുക 13159492 |
| 21 | 480400PU00008326/ 4729744/ 31-05-21 W.E.F.18-05-2021 | 12573743 | 18-05-2022 | പലിശ നിരക്ക് 5.10% കാലാവധി തുക – 13227373 |
| 22 | 480400PU00008353/ 4729923/ 31-05-21 W.E.F.19-05-2021 | 12684006 | 19-05-2022 | പലിശ നിരക്ക് 5.10% കാലാവധി തുക – 13343367 |
| 23 | 480400PU00008371/ 4730094/ 31-05-21 W.E.F.20-05-2021 | 8061019 | 20-05-2022 | പലിശ നിരക്ക് 5.10% കാലാവധി തുക – 8480061 |
| | ആകെ | 52984092 | | |
| | പഞ്ചാബ് നാഷണൽ ബാങ്ക്,തളിപ്പറമ്പ ശാഖ (മണൽ ലേലം-കേസ്-ഡെപ്പോസിറ്റ് തുക) | | | |
| 24 | 1988/ | 584,051.00 | | |
| 25 | 1997/ | 618,777.00 | | |
| 26 | 2002/ | 466,613.00 | | |
| | ആകെ | 1669441 | | |

| | | | | |
|---|---|---|---|---|
| | ആകെ സ്ഥിരനിക്ഷേപങ്ങൾ | 123413259 | | |
| | ഷെയറുകളുടെ വിവരം | | | |
| 1 | ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ,തിരുവനന്തപുരം, സർട്ടിഫിക്കറ്റ് നമ്പർ-034/26-05-2016<br>034 (35001 മുതൽ 35500വരെ നമ്പറുകൾ) | 500000 | - | - |
| | ആകെ ഷെയറുകൾ | 500000 | | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയ ആളുടെ പേര് / ഉദ്യോഗപ്പേര് | രശീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2018-19 | 1-42 | 1450 | സുജാത,സോനു.എം,ഷൈമ.കെ | രശീത് നമ്പർ -120010121835 തീയതി<br>22-03-21 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 4.2.12 | 1997-98 | 6 | ഉല്പാദനപദ്ധതികൾക്ക് അധിക സബ്സിഡി നൽകിയത് | സമിതിയുടെ പരിഗണനയിൽ |
| | | 2000-01 | 6,17 | | |
| 2006-07 | 4.28 | 2002-03 | 2-1 | വളം നിർമ്മാണശാല -ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചില്ല. | സമിതിയുടെ പരിഗണനയിൽ |
| പ്രവർത്തനാവലോകന റിപ്പോർട്ട് 2012-13 | 3.1.5.9 | | | മാലിന്യസംസ്കരണത്തിനായുള്ള ഭൂമികൾ | സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ. | ചാർജ്ജ്/സർചാർജ്ജ് നോട്ടീസ്/ സർട്ടിഫിക്കറ്റ് നമ്പർ | തുക | തുക അടച്ചതിന്റെ വിവരം | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|---|---|---|
| 1 | 2009-10, 2010-11 | 2-3 | ശ്രീ പി.രാധാകൃഷ്ണൻ, നഗരസഭ സെക്രട്ടറി | LF.1185/Spl.Cell /CSC/A/2/15 ചാർജ്ജ് സർട്ടിഫിക്കറ്റ്. | 72780 | അടവാക്കിയിട്ടില്ല. | തുക ഒടുക്കുവാൻ അറിയിപ്പ് നൽകിയിട്ടുണ്ട്. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 350205608 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 268286655 |
| വരവിനങ്ങളിലുള്ള നഷ്ടം | : ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 131212 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 807902 |

(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 1-16 | | 14780 | ശ്രീമതി ഹസീന.കെ.പി, സെക്രട്ടറി |
| 3-1 | | 64205 | ശ്രീ ജോർജ്ജ് തോമസ് ചിറയിൽ, മുനിസിപ്പൽ എൻജിനീയർ |
| 3-5 | | 52227 | ശ്രീ. ലക്ഷ്മണൻ കെ.പി, പ്രോജക്റ്റ് ഓഫീസർ, ദാരിദ്ര്യ നിർമ്മാർജ്ജന സെൽ, തളിപ്പറമ്പ |
| ആകെ | | 131212 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 44000 | ഡോ:രേഖ.കെ.പി |
| 1-32 | 40000 | ശ്രീ.ലക്ഷ്മണൻ.കെ.പി, പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജനസെൽ, തളിപ്പറമ്പ |

| | | |
|---|---|---|
| 1-33 | 228550 | ശ്രീ.ലക്ഷ്മണൻ.കെ.പി, പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജനസെൽ, തളിപ്പറമ്പ |
| 1-39 | 57000 | ശ്രീ.നേശൻ.പി, ഹെഡ്മാസ്റ്റർ, ഗവൺമെന്റ് മാപ്പിള യു പി സ്കൂൾ, തളിപ്പറമ്പ. |
| 1-40 | 60000 | ശ്രീ.ദിനേശൻ.പി, ഹെഡ്മാസ്റ്റർ, ഗവൺമെന്റ് മാപ്പിള യു പി സ്കൂൾ, തളിപ്പറമ്പ. |
| 1-43 | 367685 | ശ്രീ.സുരേഷ് കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ, തളിപ്പറമ്പ നഗരസഭ. |
| ആകെ | 807902 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 (3-2) | 18778 | ശ്രീ. ജോർജ്ജ് തോമസ് ചിറയിൽ, മുനിസിപ്പൽ എഞ്ചിനീയർ |
| 1-27 (3-3) | 6017 | ശ്രീ. ജോർജ്ജ് തോമസ് ചിറയിൽ, മുനിസിപ്പൽ എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-12, 1-13, 1-17, 1-18, 1-45 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഹസീന.കെ.പി, സെക്രട്ടറി | നഗരസഭ സെക്രട്ടറി, ശ്രീകണ്ഠപുരം നഗരസഭ, കണ്ണൂർ ജില്ല. | രാജീവ് ഗാർഡൻസ്, മുടവൻ മുഗൾ, പൂജപ്പുര(പി.ഒ), തിരുവനന്തപുരം ജില്ല |
| ശ്രീ ജോർജ്ജ് തോമസ് ചിറയിൽ, മുനിസിപ്പൽ എൻജിനീയർ | മുനിസിപ്പൽ എൻജിനീയർ, തളിപ്പറമ്പ നഗരസഭ, കണ്ണൂർ ജില്ല. | ചിറയിൽ ഹൗസ്, ചെങ്ങന്നൂർ, ആലപ്പുഴ ജില്ല-689121 |
| ഡോ:രേഖ.കെ.പി, സൂപ്രണ്ട് താലൂക്ക്ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ, തളിപ്പറമ്പ. | സൂപ്രണ്ട് താലൂക്ക് ഹെഡ് ക്വാർട്ടേർസ് ഹോസ്പിറ്റൽ, തളിപ്പറമ്പ. | ശ്രീലകം, കൊറ്റാളി റോഡ്, പൊടിക്കുണ്ട്, കണ്ണൂർ-670004 |
| ശ്രീ.ലക്ഷ്മണൻ.കെ.പി, പ്രോജക്ട് | റവന്യൂ ഇൻസ്പെക്ടർ, | കെ.പി ഹൗസ്, പരിപ്പായി, |

| | | |
|---|---|---|
| ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ, തളിപ്പറമ്പ | ശ്രീകണ്ഠാപുരം നഗരസഭ, കണ്ണൂർ ജില്ല. | ചെങ്ങളായി (പി.ഒ), ശ്രീകണ്ഠാപുരം, കണ്ണൂർ ജില്ല. |
| ശ്രീ ദിനേശൻ.പി, ഹെഡ്മാസ്റ്റർ, ഗവൺമെന്റ് മാപ്പിള യു പി സ്കൂൾ, തളിപ്പറമ്പ. | വിരമിച്ചു. | പുതിയ വളപ്പിൽ (ഹൗസ്), കീഴാറ്റൂർ, കുറ്റിക്കോൽ (പി.ഒ), കല്ല്യാശ്ശേരി (വഴി), കണ്ണൂർ ജില്ല- 670562 |
| ശ്രീ സുരേഷ് കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ, തളിപ്പറമ്പ നഗരസഭ. | ഹെൽത്ത് ഇൻസ്പെക്ടർ, തളിപ്പറമ്പ നഗരസഭ. | ഇന്ദുലേഖ, എം.എം.ബസാർ(പി.ഒ), മാതമംഗലം, കണ്ണൂർ ജില്ല. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | LF/KNR/B3/868/2012(1) 07/07/12 | 4 |
| 1997-98(Plan) | LF/KNR/B3/868/2012(2) 07/07/12 | 7 |
| 1997-98(Final) | LF/KNR/B3/411/2013(2) 15/04/13 | 5 |
| 1998-99(ചെലവ്) | LF/KNR/B3/868/2012(4) 07/07/12 | 15 |
| 1998-99(Final) | LF/KNR/B3/868/2012(5) 07/07/12 | 12 |
| 1999-00(ചെലവ്) | LF/KNR/B3/689/2013 30/09/13 | 14 |
| 1999-00(വരവ്) | LF/KNR/B3/689/2013 30/09/13 | 12 |
| 2000-01(ചെലവ്) | LF/KNR/B3/868/2012(9) 07/07/12 | 17 |
| 2000-01(Final) | LF/KNR/B3/895/2013 20/08/13 | 3 |
| 2001-02 (പദ്ധതിവിഹിതം) | LF/KNR/B3/868/2012(11) 07/07/12 | 11 |
| 2001-02 (Final) | LF/KNR/B3/868/2012(10) 07/07/12 | 3 |
| 2002-03(ചെലവ്) | LF/KNR/B3/868/2012(13) 07/07/12 | 34 |
| 2002-03(Final) | LF/KNR/B3/868/2012(12) 07/07/12 | 3 |
| 2003-04(Final) | LF/KNR/B3/868/2012(14) 07/07/12 | 13 |
| 2004-05 | LF/KNR/B3/1036/13 05/10/13 | 5 |
| 2005-06 | LF/KNR/B3/409/13 15/04/13 | 12 |
| 2006-07 | LF/KNR/B3/624/13 20/08/13 | 15 |
| 2007-08 | LF/KNR/B3/401/13 15/04/13 | 28 |
| 2008-09 | LF/KNR/B3/960/14 20/10/14 | 35 |
| 2009-10,2010-11 | LF/KNR/B3/928/13 30/09/14 | 34 |
| 2011-12,12-13 | LF/KNR/B3/359/2015 21.04.15 | 28 |
| 2013-14,14-15 | LF/KNR/B3/1440/2016 08.08.16 | 40 |

| | | |
|---|---|---|
| 2015-16 | KSA/KNR/B2/152/17(1) Dt.22.06.2018 (അനന്തരറിപ്പോർട്ട്) | 25 |
| 2016-17 | KSA/KNR/C13/1867/2017 (1) Dt. 18-07-2018 (അനന്തരറിപ്പോർട്ട്) | 29 |
| 2017-18 | KSA/KNR/C 18/132/2019 Dt. 17-09-2021 (അനന്തരറിപ്പോർട്ട്) | 27 |
| 2018-19 | KSA/KNR/C18/1695/2019 Dt.06-02-2021 (അനന്തരറിപ്പോർട്ട്) | 46 |
| 2019-20 | KSA/KNR/C15/44/2022 Dt. 23-05-2022 | 20 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Thaliparamba Municipality RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 37478627.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 7548838.00 |
| 130000000 | Rental income from Panchayat Properties | RP-3 | 50000.00 |
| 140000000 | Fees & User Charges | RP-4 | 5590208.00 |
| 150000000 | Sale & Hire Charges | RP-5 | 11155245.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 146825669.00 |
| 171000000 | Interest Earned | RP-8 | 989287.00 |
| 180000000 | Other Income | RP-9 | 0.0 |
| 420000000 | Investments | RP-34 | 17298209.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 34065028.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-22 | 7615605.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 105040715.00 |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-27 | 5128313.00 |
| 350000000 | Other Liabilities | RP-29 | 8198386.00 |
| 410000000 | Fixed Assets | RP-31 | 0.0 |
| 460000000 | Loans, Advances and Deposits | RP-41 | 700105.00 |
| | Grand total | | 387684235.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-10 | 10006527.00 |
| 220000000 | Administrative Expenses | RP-11 | 1179540.00 |
| 230000000 | Operations & Maintenance | RP-12 | 20321669.00 |
| 240000000 | Interest & Finance Charges | RP-13 | 15440.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 51294830.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1168241.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 11191834.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 50212506.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 7160163.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 82386.00 |
| 350000000 | Other Liabilities | RP-29 | 17563148.00 |
| 420000000 | Investments | RP-34 | 2000000.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 11418980.00 |
| | Non Operating | | |
| 280000000 | Prior Period Item | RP-19 | 709560.00 |
| 311000000 | Earmarked Funds | RP-22 | 4140280.00 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 1310596.00 |
| 340000000 | Deposits Received | RP-27 | 120588.00 |
| 350000000 | Other Liabilities | RP-29 | 45040165.00 |
| 410000000 | Fixed Assets | RP-31 | 23517168.00 |
| 412000000 | Capital work in Progress | RP-33 | 8727534.00 |
| 460000000 | Loans, Advances and Deposits | RP-41 | 1105500.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 118535909.00 |
| Cash | Cash | RP-40(b) | 861671.00 |
| | Grand Total | | 387684235.00 |

## Annex3-2

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Thaliparamba Municipality INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 38027823.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 5668483.00 |
| 140000000 | Fee & User Charges | I-4(b) | 8113228.00 |
| 150000000 | Sale & Hire Charges | I-5(b) | 11718175.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 321754005.00 |
| 170000000 | Income from Investments | I-7 | 5194716.00 |
| 171000000 | Interest Earned | I-8 | 989287.00 |

| | | | |
|---|---|---|---|
| 180000000 | Other Income | I-9 | 10650.00 |
| | Total Income | | 391476367.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 40029850.00 |
| 220000000 | Administrative Expenses | I-11(b) | 6699382.00 |
| 230000000 | Operations & Maintenance | I-12(b) | 32968042.00 |
| 240000000 | Interest & Finance Charges | I-13 | 15440.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 147198130.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 9060075.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 49017333.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 6450098.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 82386.00 |
| 272000000 | Depreciation | I-17(a) | 2611624.00 |
| | Total Expenditure | | 294132360.00 |
| | Gross Surplus/ Deficit of income over Expenditure | | 97344007.00 |
| 280000000 | Prior Period Item | I-18 | -13545420.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 110889427.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| |
|---|
| Thaliparamba Municipality BALANCE SHEET |
| As On 31-March-2021 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 339111405.29 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | -4228704.00 |
| 312000000 | Reserves | B-3 | 214120200.00 |
| | Total Reserve & Surplus | | 549002901.29 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 23295552.00 |
| | Total Grants, Contributions for Specific Purposes | | 23295552.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 19413333.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 19413333.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 41119017.00 |
| 350000000 | Other Liabilities | B-9 | 15148352.71 |
| | Total Current Liabilities and Provisions | | 56267369.71 |
| | TOTAL LIABILITIES | | 647979156.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 363906898.00 |

| | | | |
|---|---|---|---|
| 411000000 | Accumulated Depreciation | B-11 | -43932874.00 |
| 412000000 | Capital Work in Progress | B-11 | 8161189.00 |
| | Total Fixed Assets | | 328135213.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 128739771.00 |
| | Total Investments | | 128739771.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 586563.00 |
| 431000000 | Sundry Debtors (Receivables) | B-15 | 54996656.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-21 | -3721470.00 |
| 450000000 | Cash and Bank Balance | B-17 | 119397580.00 |
| 460000000 | Loans, Advances and Deposits | B-18 | 431510.00 |
| | Total Current Assets, Loans and Advances | | 171690839.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 19413333.00 |
| | Total Miscellaneous Expenditure (To the Extent not written off) | | 19413333.00 |
| | TOTAL ASSETS | | 647979156.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.